2023
MARCH
25
SATURDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

# കേന്ദ്ര സർക്കാർ ജീവനക്കാരുടെ ക്ഷാമബത്ത 4% ഉയർത്തി



**ന്യൂഡൽഹി:** കേന്ദ്ര സർക്കാർ ജീവനക്കാരുടെ ക്ഷാമബത്ത നാലു ശതമാനം വർധിപ്പിച്ചു. നിലവിൽ 38 ശതമാനമുണ്ടായിരുന്ന ക്ഷാമബത്ത 42 ശതമാനമായാണ് ഉയർത്തിയത്. രാജ്യത്തെ ഒരു കോടിയിലധികം വരുന്ന കേന്ദ്ര സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കുമാണ് ഇതിന്റെ നേട്ടം. പ്രധാൻമന്ത്രി ഉജ്വൽ യോജന പ്രകാരമുള്ള എൽപിജി സബ്സിഡി ഒരു വർഷത്തേക്കു കൂടി നീട്ടാനും തീരുമാനമായി. പ്രധാനമന്ത്രിയുടെ നേതൃത്വത്തിൽ ചേർന്ന ഉന്നതതല യോഗത്തിലാണ് തീരുമാനം. സിലിണ്ടർ ഒന്നിന് 200 രൂപ കിഴിവിൽ 12 സിലിണ്ടർ ലഭിക്കും.

ക്ഷാമബത്ത ഉയർത്തുന്നതോടെ കേന്ദ്ര സർക്കാരിനു 12,815 കോടി രൂപയുടെ അധിക ബാധ്യത ഉണ്ടാകുമെന്ന് കേന്ദ്രമന്ത്രി അനുരാഗ് താക്കൂർ അറിയിച്ചു. 2023 ജനുവരി 1 മുതലുള്ള മുൻകാല പ്രാബല്യമുണ്ടാകും. സർക്കാർ ജീവനക്കാർക്ക് ക്ഷാമബത്ത (ഡിഎ)യും പെൻഷൻകാർക്ക് ക്ഷാമകാല ആശ്വാസ(ഡിആർ) വർധനയുമാണ് മുൻകാല പ്രാബല്യത്തോടെ ലഭിക്കുക.

47.58 ലക്ഷം കേന്ദ്ര സർക്കാർ ജീവനക്കാർക്കും 69.76 ലക്ഷം പെൻഷൻകാർക്കുമാണ് ഇതിന്റെ നേട്ടമുണ്ടാകുക. ഏഴാം കേന്ദ്ര ശമ്പള കമ്മിഷന്റെ നിർദേശങ്ങൾ അനുസരിച്ചാണ് നിലവിലെ വർധന സർക്കാർ പ്രസ്താവനയിൽ അറിയിച്ചു.

ഇതിനു മുൻപ് 2022 സെപ്റ്റംബറിലാണ് ക്ഷാമബത്ത ഉയർത്തിയത്. ഇത് 2022 ജൂലൈ 1ലെ മുൻകാല പ്രാബല്യത്തോടെയായിരുന്നു. അന്നും നാലു ശതമാനമാണ് വർധിപ്പിച്ചത്. വർഷത്തിൽ രണ്ടു തവണയാണ് ക്ഷാമബത്ത വർധിപ്പിക്കുക.



### പച്ചത്തേങ്ങ സംഭരണം:

## വിഎഫ്പിസികെ പിന്നോട്ട്

**പാലക്കാട്:** വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രമോഷൻ കൗൺസിലിന്റെ (വിഎഫ്പിസികെ) ഭൂരിഭാഗം സ്വാശ്രയ കർഷക സമിതികളും പച്ചത്തേങ്ങ സംഭരണം നിർത്തുന്നു. മുൻപു സംഭരിച്ചതിന്റെ കൈകാര്യച്ചെലവ് ആറു മാസത്തോളമായി കുടിശികയായതാണു കാരണം. കുടിശിക ലഭിച്ചില്ലെങ്കിൽ ഏപ്രിൽ ഒന്നു മുതൽ സംഭരണം നിർത്തുമെന്നു പാലക്കാട്ടെ മുഴുവൻ സമിതികളും വിഎഫ്പിസികെയെ അറിയിച്ചു. മറ്റു ജില്ലകളിലെ സമിതികളും ഇതേ തീരുമാനത്തിലാണ്. 80 ലക്ഷത്തോളം രൂപയാണു കിട്ടാനുള്ളത്. പച്ചത്തേങ്ങ സംഭരണത്തിനു സഹകരണ സംഘങ്ങളുമായി ധാരണയാകാത്ത സാഹചര്യത്തിലാണു സർക്കാർ വിഎഫ്പിസികെയുടെ സഹകരണം തേടിയത്. മലപ്പുറം, കോഴിക്കോട് ജില്ലകളിലെ സമിതികൾക്ക് 25 ലക്ഷത്തിലേറെ കിട്ടാനുണ്ട്. പാലക്കാട് 17 ലക്ഷം രൂപയാണു കുടിശിക.

## ആക്സഞ്ചർ 19,000 പേരെ പിരിച്ചുവിടും




**ന്യൂഡൽഹി:** സാമ്പത്തിമാന്ദ്യത്തിന്റെ സൂചനകൾക്കിടെ പ്രമുഖ ഐടി, കൺസൽറ്റൻസി സ്ഥാപനമായ ആക്സഞ്ചർ വിവിധ രാജ്യങ്ങളിലെ ഓഫിസുകളിൽ നിന്ന് 19,000 ജീവനക്കാരെ പിരിച്ചുവിടുന്നു. ഐടി സേവനരംഗത്തു പ്രവർത്തിക്കുന്ന ഒരു കമ്പനി ഇത്രയും വലിയ പിരിച്ചുവിടൽ പ്രഖ്യാപിക്കുന്നത് സമീപകാലത്ത് ആദ്യമാണ്. ഇതിന്റെ സ്വാധീനം മറ്റ് സർവീസ് കമ്പനികളിലേക്ക് വ്യാപിക്കുമോയെന്ന ആശങ്കയിലാണ് ഐടി ലോകം.

ആക്സഞ്ചറിന്റെ മൊത്തം ജീവനക്കാരുടെ 2.5 ശതമാനത്തോളം പേരാണ് സെപ്റ്റംബറോടെ പുറത്തുപോകുന്നത്. ഇതിൽ പകുതി പേർ ടെക്, കൺസൽറ്റിങ് മേഖലയിലുള്ള ജീവനക്കാരും ബാക്കിയുള്ളവർ സപ്പോർട്ടിങ് സ്റ്റാഫുമാണ്. പുറത്തുപോകുന്നവരിൽ 800ലേറെ പേർ നേതൃസ്ഥാനത്തുള്ളവരാണ്. വാർഷിക വരുമാന, ലാഭ അനുമാനവും ആക്സഞ്ചർ കുറച്ചു. വരുമാനത്തിലെ വളർച്ച മുൻപ് 11% വരെയാണ് പ്രവചിച്ചിരുന്നതെങ്കിൽ ഇപ്പോഴത് 8 മുതൽ 10% വരെയാക്കി.

ഇന്ത്യയിൽ എത്ര പേരെ കൂട്ടപ്പിരിച്ചുവിടൽ ബാധിക്കുമെന്ന് വ്യക്തമായിട്ടില്ല. 2022ലെ കണക്കനുസരിച്ച് ആക്സഞ്ചറിന് ലോകമാകെയുള്ള 7 ലക്ഷത്തോളം ജീവനക്കാരിൽ 3 ലക്ഷം പേർ ഇന്ത്യയിലാണ്. ഡൽഹി, ബെംഗളൂരു ഇന്ത്യയിൽ ഓഫിസുള്ള വിദേശ ഐടി കമ്പനികളിൽ ഏറ്റവും കൂടുതൽ ജീവനക്കാരുള്ളത് ആക്സഞ്ചറിനാണ്.

സർവീസസ്, പ്രോഡക്റ്റ് എന്നിങ്ങനെ രണ്ടു തരത്തിലാണ് കമ്പനികൾ. വിപണിയിൽ നേരിട്ട് ഉൽപന്നം വിൽക്കുന്ന പ്രോഡക്റ്റ് കമ്പനികളെയാണ് മാന്ദ്യം ആദ്യം ബാധിക്കുന്നത്. ഇതുവരെയുള്ള ഐടി കൂട്ടപ്പിരിച്ചുവിടലുകളിൽ മൈക്രോസോഫ്റ്റ്, ഗൂഗിൾ, ആമസോൺ, ഫെയ്സ്ബുക്, ട്വിറ്റർ പോലെയുള്ള പ്രോഡക്റ്റ് കമ്പനികളിൽ നിന്നായിരുന്നു.

ഇന്ത്യയിൽ ഏറ്റവും കൂടുതൽ ഐടി ജീവനക്കാർ ജോലി ചെയ്യുന്നത് ഇൻഫോസിസ്, ടിസിഎസ് പോലെയുള്ള സർവീസസ് കമ്പനികളിലാണ്. സർവീസസ് കമ്പനികൾ ഏറെയുള്ള ഇന്ത്യയ്ക്ക് ആശങ്കയേകുന്നതാണ് കൂട്ടപ്പിരിച്ചുവിടൽ ട്രെൻഡ്.




## ഉപയോക്താക്കൾ കൈവിട്ട് ബിഎസ്എൻഎൽ ഇന്റർനെറ്റ്

**ന്യൂഡൽഹി:** 4ജിയുടെ അഭാവത്തിൽ രാജ്യത്തെ പ്രതിമാസ മൊബൈൽ ഇന്റർനെറ്റ് ഡേറ്റ ഉപയോഗത്തിന്റെ ഒരു ശതമാനത്തിൽ താഴെ മാത്രമാണ് ബിഎസ്എൻഎൽ വഴിയുള്ളതെന്ന് വ്യക്തമാക്കി കണക്കുകൾ. മൊബൈലിലെ ഇന്റർനെറ്റിനായി പൊതുമേഖലാ സ്ഥാപനമായ ബിഎസ്എൻഎലിനെ ആശ്രയിക്കുന്നവർ തീർത്തും കുറഞ്ഞെന്നു കേന്ദ്ര ടെലികോം വകുപ്പ് ഐടിയുമായി ബന്ധപ്പെട്ട പാർലമെന്റ് സ്ഥിരം സമിതിക്കു നൽകിയ കണക്ക്. ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിൽ രാജ്യത്തെ ഇന്റർനെറ്റ് ഉപയോഗത്തിന്റെ 0.8% മാത്രമാണ് ബിഎസ്എൻഎൽ വഴിയുള്ളത്. നാനൂറോളം നഗരങ്ങളിൽ 5ജി എത്തിയിട്ടും ബിഎസ്എൽഎലിന് രാജ്യമാകെ 4ജി പോലും നൽകാനായിട്ടില്ല. 4ജി വൈകുമെന്നാണ് കേന്ദ്രം നൽകുന്ന സൂചന. 4ജി നടപ്പാക്കണമെന്ന് സ്ഥിരം സമിതി ശുപാർശ ചെയ്തു. ബിഎസ്എൽഎലിന് വരിക്കാരുടെ എണ്ണം കുറയുകയാണെന്നും സമിതി ചൂണ്ടിക്കാട്ടി.



## ബുധനൂർ മഠത്തിൽക്കടവ് പാലം ഉദ്ഘാടനത്തിന് ഒരുങ്ങുന്നു

**മാന്നാർ:** ബുധനൂർ മഠത്തിൽക്കടവ് പാലം ഉദ്ഘാടനത്തിന് ഒരുങ്ങുന്നു. പാലത്തിൻറെ പണി പൂർത്തിയായിക്കഴിഞ്ഞു. ഇനി അപ്രോച്ച് റോഡിൻറെ നിർമാണം മാത്രമാണ് പൂർത്തിയാകാനുള്ളത്.

ചെങ്ങന്നൂർ മണ്ഡലത്തിലെ ചെന്നിത്തല, ബുധനൂർ പഞ്ചായത്തുകള ബന്ധിപ്പിച്ചു കുട്ടംപേരൂരാറിനു കുറുകെയാണ് പാലം നിർമിച്ചിരിക്കുന്നത്. മഠത്തിൽക്കടവ് പാലത്തിൻറെ നിർമാണ പ്രവർത്തനങ്ങൾ വിലയിരുത്താൻ മന്ത്രി സജി ചെറിയാൻ ഇവിടം സന്ദർശിച്ചു. 11.80 കോടി രൂപ മുടക്കിയാണ് പാലം നിർമിക്കുന്നത്. പാലത്തിൻറെ നിർമാണ പ്രവർത്തനങ്ങൾ പൂർത്തിയായി അപ്രോച്ച് റോഡ് നിർമാണം പുരോഗമിക്കുകയാണ്.

26 മീറ്റർ നീളമുള്ള മൂന്നു സ്പാനുകളാണ് പാലത്തിനുള്ളത്. 79.6 മീറ്ററാണ് പാലത്തിൻറെ ആകെ നീളം. വാഹന ഗതാഗതത്തിനായി 7.5 മീറ്റർ കാര്യേജ് വേയും ഒരു വശത്ത് നടപ്പാതയും ഉൾപ്പടെ 9.70 മീറ്റർ ആണ് പാലത്തിൻറെ വീതി. 1.20 കിലോമീറ്റർ റോഡ് വീതി കൂട്ടി ഉന്നതനിലവാരത്തിൽ നിർമിക്കും. രണ്ടു മാസത്തിനുള്ളിൽ ഉദ്ഘാടനം നടത്തുവാൻ കഴിയുമെന്ന പ്രതീക്ഷയിലാണ് അധികൃതർ.



## സപ്ലൈകോ സബേർബൻ മാളിൽ അരി വിതരണം നിലച്ചിട്ട് മൂന്നാഴ്ച

**പിറവം:** സപ്ലൈകോ സബേർബൻ മാളിലെ സൂപ്പർ മാർക്കറ്റിൽ കുത്തരിയുടെയും ജയ അരിയുടെയും വിതരണം നിലച്ചിട്ടു 3 ആഴ്ച പിന്നിട്ടു. പട്ടണങ്ങളിലെ ഷോപ്പിങ് അനുഭവം ഗ്രാമങ്ങളിലും എന്ന പ്രഖ്യാപനത്തോടെ സംസ്ഥാനത്ത് സപ്ലൈകോ ആദ്യമായി ആരംഭിച്ചതാണു സബേർബൻ മാൾ. മേഖലയിൽ അരി എത്തിക്കുന്ന പ്രാദേശിക ഡിപ്പോയിൽ നിന്ന് പർച്ചേസ് ഓർഡർ വൈകുന്നതാണു കാരണമെന്നാണ് അധികൃതരുടെ വിശദീകരണം. സബേർബൻ മാളിനു പുറമേ സമീപ പ്രദേശങ്ങളിലുള്ള സപ്ലൈകോ ബസാറുകളിലും അരിയ്ക്കു ക്ഷാമമുള്ളതായാണു വിവരം.



മിക്കയിടത്തും പച്ചരി മാത്രമാണ് ഈ ദിവസങ്ങളിൽ കരുതലുള്ളത്. റേഷൻ കാർഡിനു സബ്സിഡി നിരക്കിൽ ലഭിക്കുന്ന 5 കിലോഗ്രാം വിഹിതവും ഇപ്പോൾ പച്ചരിയാണു നൽകുന്നത്. പൊതുവിപണിയിൽ അരി വില കിലോഗ്രാമിനു ശരാശരി 50 രൂപ നിരക്കിൽ തുടരുമ്പോൾ സപ്ലൈകോ സ്റ്റോറുകളിൽ കുത്തരിയ്ക്കു 42 രൂപയും ജയ അരിക്കു 38 രൂപയുമായിരുന്നു വില. സാമ്പത്തിക പ്രതിസന്ധി നേരിടുന്നവർക്കു ഇതേറെ ആശ്വാസമായിരുന്നു. ഈ ദിവസങ്ങളിലെല്ലാം നിരവധി പേർ കുത്തരി അന്വേഷിച്ച് സപ്ലൈകോ സ്റ്റോറിൽ എത്തുന്നുണ്ട്.

പിറവത്ത് കരവട്ടെ കുരിശ് ജംക്ഷനു സമീപം പ്രവർത്തിച്ചിരുന്ന സപ്ലൈകോ സ്റ്റോർ ചെലവു ചുരുക്കലിന്റെ ഭാഗമായി കഴിഞ്ഞ വർഷം സബേർബൻ മാളിലേക്കു ലയിപ്പിച്ചിരുന്നു. ഇതോടെ ശരാശരി 5000 റേഷൻ കാർഡ് ഉടമകൾ എല്ലാ മാസവും ഇവിടെ നിന്നു സാധനങ്ങൾ വാങ്ങിയിരുന്നതായാണ് അധികൃതർ പറയുന്നത്. പിറവത്തിനു പുറമേ സമീപ പഞ്ചായത്തുകളിൽ നിന്നുള്ള ഒട്ടേറെ ഉപയോക്താക്കൾ സബേർബൻ മാളിലെ സൂപ്പർ മാർക്കറ്റ് ആശ്രയിക്കുന്നുണ്ട്. അരിക്കു പുറമേ മുളക്, മല്ലി തുടങ്ങിയവയുടെ വിതരണവും നാളുകളായി നിലച്ചിരിക്കുകയാണ്.

## സബ് ജയിൽ: ചുറ്റുമതിൽ നിർമാണത്തിന് 1.48 കോടി രൂപ

**മണ്ണാർക്കാട്:** മുക്കണ്ണത്ത് സബ് ജയിലിന് അനുവദിച്ച സ്ഥലത്ത് ചുറ്റുമതിൽ നിർമാണത്തിന് 1.48 കോടി രൂപ അനുവദിച്ചു. മതിൽ നിർമാണത്തിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങി. കാഞ്ഞിരപ്പുഴ ഇറിഗേഷന്റെ അധീനതയിലുള്ള 4 ഏക്കർ ഭൂമിയാണു ജയിൽ വകുപ്പിനു കൈമാറിയത്. ആധുനിക രീതിയിലുള്ള ജയിൽ സമുച്ചയം നിർമിക്കാൻ ജയിൽ വകുപ്പ് അനുമതി നൽകിയിട്ടുണ്ട്. ചുറ്റുമതിൽ നിർമാണത്തിന്റെ ടെൻഡർ നടപടികൾ പൂർത്തിയായി.

സൈറ്റ് പൊതുമരാമത്ത് വകുപ്പിനു കൈമാറുന്നതോടെ മതിൽ നിർമാണം ആരംഭിക്കുമെന്നു ജയിൽ വകുപ്പ് അറിയിച്ചു. ഇന്നലെ രാവിലെ പൊതുമരാമത്ത് വകുപ്പ് സ്ഥലത്തു ടോട്ടൽ സ്റ്റേഷൻ സർവേ നടപടികൾ ആരംഭിച്ചു. കെട്ടിട നിർമാണത്തിനുള്ള നടപടികളും ഉടൻ ആരംഭിക്കുമെന്നു നോഡൽ ഓഫിസർ മുജീബ് റഹ്മാൻ അറിയിച്ചു. മണ്ണാർക്കാട് സബ് ജയിൽ വേണമെന്നതു കാലങ്ങളായുള്ള ആവശ്യമാണ്. മതിൽ നിർമാണം പൂർത്തിയായാലുടൻ കെട്ടിടം നിർമാണവും ആരംഭിക്കാനുള്ള നടപടികൾ തുടങ്ങിയതായും ജയിൽ വകുപ്പ് അറിയിച്ചു.

## പഴ വിപണി ഉണർന്നു; താരമായി തണ്ണിമത്തൻ

**തിരൂർ:** പഴം വിപണിഉണർന്നു. കടുത്ത വേനലും വ്രതവുമെല്ലാം ചന്തയിലെത്തുന്നവരെ ഈ പഴങ്ങളിലേക്ക് ആകർഷിക്കുന്നുണ്ട്. ചില പഴങ്ങൾക്ക് വേനലിലെ ചൂട് പോലെ വില ഉയരുമ്പോൾ ചിലതിന്റെ വില ഇപ്പോഴും തണുപ്പനാണ്. നേന്ത്രപ്പഴത്തിനാണ് വിലയിൽ ഇടിവ് വന്നത്. 28 , 32 രൂപ വരെയാണ് വില.



ഉൽപാദനത്തിലുണ്ടായ വർധനയാണ് വില കൂടാതെ പിടിച്ചു നിർത്തിയത്. അതേ സമയം റോബസ്റ്റ പഴത്തിനു ഇതിനെക്കാൾ ഒന്നോ രണ്ടോ രൂപ കൂടുതലാണ്. തണ്ണിമത്തനാണ് വിപണിയിൽ ഇത്തവണയും താരം. 25 30 രൂപ വരെ വില വരുന്നുണ്ടെങ്കിലും ചൂടും വ്രതവും വ്യാപാരികൾക്കു വലിയ പ്രതീക്ഷയാണു നൽകുന്നത്. ഇറാനി (18 24), മഞ്ഞ (25 30) എന്നീ തണ്ണിമത്തനും ധാരാളമായി എത്തിയിട്ടുണ്ട്. പോളണ്ട്, ഈജിപ്ത്, തുർക്കി, ഇറാൻ, യുഎസ് എന്നിവിടങ്ങളിൽ നിന്നുള്ള ആപ്പിളുകൾക്ക് 135 175 രൂപ വരെയാണ് വിലയുള്ളത്.

അനാർ (130 160), സിട്രസ് ഓറഞ്ച് (100 120), ജുർത്തക്കാൽ ഓറഞ്ച് (100 120), സാധാരണ ഓറഞ്ച് (80 95), കറുത്ത മുന്തിരി (50 60), കുരുവില്ലാത്ത കറുത്ത മുന്തിരി (95 120), ഷമാം (40 50), പൈനാപ്പിൾ (65 80), ഡ്രാഗൺ ഫ്രൂട്ട് (220 230), മാങ്ങ (70 130), ബട്ടർ (180 250), കിവി (90 100), പപ്പായ (40 60) എന്നിങ്ങനെയാണ് ആവശ്യക്കാർ കൂടുതലുള്ള പഴങ്ങളുടെ വില. വിദേശരാജ്യങ്ങളിൽ നിന്നും കർണാടക, ആന്ധ്ര, മഹാരാഷ്ട്ര, തമിഴ്നാട് സംസ്ഥാനങ്ങളിൽ നിന്നുമാണ് ഇവിടെ പഴമെത്തുന്നത്.

## ഡ്രോൺ സർവ്വേക്ക് തുടക്കമായി

**മാറഞ്ചേരി:** പഞ്ചായത്തിന്റെ സമ്പൂർണ്ണ സ്ട്രീം ഓഡിറ്റിങ്ങ് നടത്തി വാട്ടർ അറ്റ്ലസ് നിർമ്മിക്കുന്നതിന്റെ ഭാഗമായി നടക്കുന്ന ജിപിഎസ് ഡ്രോൺ സർവേയ്ക്ക് പുറങ്ങ് കാരേക്കാട് സ്കൂളിന് സമീപം മഠത്തിതോട്ടിൽ തുടക്കമായി.

രണ്ട് പ്രളയങ്ങളിൽ നിന്നും വരൾച്ച കാലത്തുനിന്നും ഉൾക്കൊണ്ട പാഠങ്ങളുടെ ഭാഗമായി ജലദുരന്തദുരിത ലഘൂകരണ പ്രവർത്തനങ്ങൾക്കും, ജലസേചനകുടിവെള്ള പ്രവർത്തനങ്ങൾക്കും, പരിസ്ഥിതി ജൈവ വൈവിധ്യആവാസവ്യവസ്ഥാ പുനസ്ഥാപന പ്രവർത്തനങ്ങൾക്കും അതുവഴി സുസ്ഥിര വികസന പദ്ധതി ആസൂത്രണങ്ങൾക്കും ഏറെ സഹായകരമാകും വിധത്തിലാണ് വാട്ടർ അറ്റ്ലസിന്റെ നിർമ്മാണം പഞ്ചായത്ത് ആസൂത്രണം ചെയ്തിരിക്കുന്നത്.



# ഒരിക്കൽ നട്ടാൽ എട്ടു തവണ വിളവെടുക്കാം

നീണ്ട വർഷങ്ങളുടെ കാത്തിരിപ്പിനൊടുവിൽ നെൽകർഷകരുടെ പ്രതീക്ഷകൾ സഫലമാക്കി ബഹുവർഷ നെല്ലിൻറെ മൂന്നിനങ്ങൾ ചൈനീസ് ഗവേഷകർ പുറത്തിറക്കി. രാജ്യാന്തര ഗവേഷക സംഘത്തിന്റെ സഹകരണത്തോടെയാണു ദക്ഷിണ ചൈനയിലെ യുന്നാൻ പ്രവിശ്യയിലെ കാർഷിക ശാസ്ത്രജ്ഞർ ബഹുവർഷ നെല്ലിനങ്ങൾ പുറത്തിറക്കിയത്.

കാലാവസ്ഥാ വ്യതിയാനത്തിന്റെ ഈ കാലഘട്ടത്തിൽ സുസ്ഥിര നെൽകൃഷിക്കു വലിയ സംഭാവനയാണ് ചൈനയുടെ ഈ കണ്ടുപിടുത്തം. മൂന്നു പുതിയ ബഹുവർഷ നെല്ലിനങ്ങളും വ്യാപകമായി കൃഷി ചെയ്യാൻ ചൈനയിലെ നെൽകർഷകർക്ക് നൽകിയിട്ടുണ്ട്. ഒരിനത്തിന്റെ വിത്ത് ഉഗാണ്ടയിലെ കർഷകർക്കും നൽകി. ഇതിനു പുറമെ ലാവോസ്, ബംഗ്ലാദേശ്, മ്യാൻമാർ, തായ്‌ലൻഡ്, കമ്പോഡിയ, വിയറ്റ്നാം, ഇറാൻ എന്നീ ഏഷ്യൻ രാജ്യങ്ങളിലും ചൈനയുടെ സഹായത്തോടെ ബഹുവർഷ നെല്ലിനങ്ങളുടെ കൃഷി തുടങ്ങിയിട്ടുണ്ട്.

ബഹുവർഷ നെല്ലിനങ്ങളിൽ ഏറ്റവും വിജയകരം 2018ൽ പുറത്തിറക്കിയ പിആർ 23 എന്ന ഇനമാണ്. 2020ൽ പി ആർ 25 (ചൈനയിൽ യുണ്ട 25) എന്ന രണ്ടാമത്തെ ഇനവും പി ആർ 107 (ചൈനയിൽ യുണ്ട 107) എന്ന മൂന്നാമത്തെ ഇനവും ചൈന പുറത്തിറക്കി. പി ആർ 107 എന്ന ബഹുവർഷ നെല്ലിനമാണ് നാറോ റൈസ് 107 എന്ന പേരിൽ ചൈന ഉഗാണ്ടയിലെ നെൽകർഷകർക്കു നൽകിയിരിക്കുന്നത്.

ഇതിനു പുറമെ വിവിധ കർഷിക കാലാവസ്ഥാ മേഖലകൾക്ക് അനുയോജ്യമായ നിരവധി ബഹുവർഷ നെല്ലിനങ്ങൾ ചൈനീസ് കാർഷിക ഗവേഷകരുടെ പരീക്ഷണത്തിലുണ്ട്. 2018 പുറത്തിറക്കിയ പി ആർ 25 എന്ന നെല്ലിനത്തിന്റെ പരീക്ഷണ വിവര ങ്ങളാണ് ഇപ്പോൾ ചൈനീസ് ഗവേ ഷകർ പ്രസിദ്ധീകരിച്ചിരിക്കുന്നത്. ദക്ഷിണ ചൈനയിലെ യുന്നാൻ പ്രവിശ്യയിൽ 2021ൽ അര ലക്ഷ ഓളം ചെറുകിട നെൽ കർഷകർ 15000 ത്തോളം ഹെക്ടർ സ്ഥലത്ത് പി ആർ 23 കൃഷി ചെയ്തു.



1990കളുടെ ആരംഭത്തിൽ ഫിലി പ്പീൻസിലെ മാനില അന്താരാഷ്ട്ര നെല്ലു ഗവേഷണ കേന്ദ്രം കരനെല്ലിൽ ബഹുവർഷ ഇനങ്ങൾ വികസിപ്പിക്കാൻ ശ്രമിച്ചിരുന്നു. ഫണ്ടിന്റെ കുറവു കാരണം 2001ൽ ഈ ഗവേഷണം അവസാനിപ്പിക്കുകയായിരുന്നു. ബഹുവർഷ നെല്ലിനങ്ങൾ വികസിപ്പി ക്കാനുള്ള ചൈനീസ് ഗവേഷണത്തിന് രണ്ടു പതിറ്റാണ്ടിലേറെ പഴക്ക മുണ്ട്.1999 ലാണ് യുന്നാൻ അക്കാദമി ഓഫ് അഗ്രികൾച്ചറൽ സയൻസസിലെ ഫെൻജി ഹു, ഡായുൻ താവോ എന്നീ കൃഷി ശാസ്ത്രജ്ഞരുടെ നേതൃത്വ ത്തിൽ ബഹുവർഷ നെല്ലിനങ്ങൾ വികസിപ്പിക്കാനുള്ള ഗവേഷണത്തിന് തുടക്കമിട്ടത്.

**ഹരിതം**

അമേരിക്കയിലെ ഇല്ലി നോയിസ് യൂണിവേഴ്സിറ്റിയിലെ എറിക് സാക്ക്സും ഗവേഷണത്തിൽ പങ്കാളിയായി. ഈ വിഷയത്തിൽ ഗവേഷണ പരിചയമുള്ള മാനില അന്താരാഷ്ട്ര നെല്ല് ഗവേഷണ കേന്ദ്ര ത്തിന്റെ സാങ്കേതിക സഹായവും ഈ സംഘത്തിനുണ്ടായിരുന്നു. പിന്നീട് ഓസ്ട്രേലിയയിലെ ക്വീൻസ് ലാൻഡ് യൂണിവേഴ്സിറ്റിയും ചൈനയിലെ യുന്നാൻ യൂണിവേഴ്സിറ്റിയും ഇവരോ ടൊപ്പം ചേർന്നു.

നെല്ല്, ഗോതമ്പ്, ചോളം തുടങ്ങിയ വിളകളിൽ പാരിസ്ഥിതിക ഊർജിത വത്കരണം എന്ന രീതിയിലൂടെ ബഹുവർഷ ഇനങ്ങൾ വികസിപ്പിക്കാൻ ഗവേഷണം നടത്തുന്ന പ്രമുഖ സ്ഥാപ നമാണ് ലാൻഡ് ഇൻസ്റ്റിറ്റ്യൂട്ട്. 2008 മുതൽ ലാൻഡ് ഇൻസ്റ്റിറ്റ്യൂട്ടിലെ ഗവേഷകർ ചൈനയിലെത്തി ഗവേഷ ണത്തിന് മാർഗനിർദേശം നൽകിത്തു ടങ്ങി. ചൈന, ലാവോസ് എന്നിവിട ങ്ങളിൽ നടത്തിയ വിള പരീക്ഷണ ങ്ങൾക്കു ശേഷം 2018ൽ ആദ്യത്തെ ബഹുവർഷ നെല്ലിനം പി ആർ 23 പുറത്തിറക്കാൻ ചൈനീസ് ഗവ ണ്മെന്റ് അനുമതി നൽകി.

നമ്മുടെ നാട്ടിൽ കൃഷി ചെയ്യുന്ന ഒറൈസ സറ്റൈവ എന്ന ഏഷ്യൻ സ്പീഷീസും ആഫ്രിക്കയിൽ കണ്ടു വരുന്ന ഒറൈസ ലോൻജിസ്റ്റാമിനേറ്റ എന്ന ബഹുവർഷ സ്പീഷിസും തമ്മിലുള്ള സങ്കരണത്തിലൂടെയാണ് പി ആർ 23 വികസിപ്പിച്ചെടുത്തത്.

എംബ്രിയോ റെസ്ക്യൂ എന്ന ടിഷ്യു കൾച്ചർ സാങ്കേതിക വിദ്യയി ലൂടെ ഈ പരിമിതി മറികടന്നു. പല ഘട്ടങ്ങളിലുള്ള സങ്കരണത്തിനും നിർധാരണത്തിനും ശേഷം ആഫ്രി ക്കൻ നെല്ലിന്റെ ശക്തമായ വേരുപടല ങ്ങളും ഏഷ്യൻ ഇനത്തിന്റെ കതിർക്കു ലകളുമുള്ള ബഹുവർഷ നെല്ലിനം വികസിപ്പിക്കുന്നതിൽ ചൈനീസ് ഗവേഷകർ വിജയിച്ചു.

വർഷം രണ്ടു തവണ വീതം നാലു വർഷത്തേക്ക് സാധാരണ നെല്ലു പോലെ കൊയ് തെടുക്കാം. അഞ്ചാം വർഷം മുതൽ വിളവു കുറയുമെന്നതിനാൽ വീണ്ടും നടേണ്ടി വരും. എട്ടുതവണ വിളവെടു ത്താലും ഉത്പാദനം സാധാരണ നെല്ലിനങ്ങളെക്കാൾ അല്പം കൂടി കൂടുതലായിരിക്കും. പി ആർ 23 എന്ന ബഹുവർഷ നെല്ലിന് നാലു വർഷം എട്ട് കൊയ്ത്തുകളിലായി ഓരോ തവണയും ഹെക്ടറിന് ശരാശരി 6.8 ടൺ വിളവ് ലഭിച്ചു.

താരതമ്യ പഠന ത്തിൽ ഉൾപ്പെടുത്തിയ സാധാരണ നെല്ലിനങ്ങളുടെ ശരാശരി വിളവ് ഹെക്ടറിന് 6.7 ടണ്ണായിരുന്നു. കാർഷിക കാലാവസ്ഥാ മേഖലയും സാഹചര്യ വുമനുസരിച്ച് കർഷകർക്ക് സാധാരണ നെല്ലിനെക്കാൾ 17 മുതൽ 161 ശത മാനം വരെ അധികം ലാഭവും കിട്ടി.

നടുന്ന ആദ്യ സീസണിൽ ബഹുവർഷ നെല്ലിന്റെയും സാധാരണ നെല്ലി ന്റെയും കൃഷിച്ചെലവ് ഏകദേശം ഒരു പോലെ ആയിരിക്കും. എന്നാൽ രണ്ടാ മത്തെ സീസൺ മുതൽ ഉഴവ്, വിത്ത്, വളം തുടങ്ങിയവയുടെ ചെലവ് ബഹുവർഷ നെല്ലിന് കുറവായിരിക്കും. ബഹുവർഷ നെല്ലിന്റെ രണ്ടാമത്തെ പുനർ വളർച്ചാ ഘട്ടം മുതൽ തൊഴി ലാളികളുടെ ചെലവിൽ 58 ശതമാനവും വിത്ത്, വളം തുടങ്ങിയ വയുടെ ചെലവിൽ 49.1 ശതമാനവും കണ്ട് കുറവുണ്ടാകുമെന്നാണ് പഠന ങ്ങൾ വ്യക്തമാക്കുന്നത്.

സുസ്ഥിര കൃഷിക്കും പാരിസ്ഥി തിക സേവനങ്ങൾക്കും സാധാരണ നെല്ലിനങ്ങളെക്കാൾ വലിയ സംഭാവന ബഹുവർഷ നെല്ലിനങ്ങൾ നൽകു മെന്നു ചൈനീസ് കൃഷി ശാസ്ത്ര ജ്ഞർ പറയുന്നു. ഓരോ സീസണിലും നിലം ഉഴുത് തയാറാക്കേണ്ടതില്ല.

2021 ൽ യുന്നാൻ പ്രവിശ്യയിലെ നവീന സാങ്കേതിക വിദ്യകളുടെ മത്സരത്തിൽ ഒന്നാം സ്ഥാനത്തെത്തിയതും ബഹുവർഷ നെല്ലിനമാണ്. കാർഷിക ഗവേഷണ മേഖലയിൽ രാജ്യാന്തര സഹകരണ ത്തിന്റെ വിജയത്തിന്റെ ഉത്തമ ഉദാ ഹരണം കൂടിയാണ് ഈ കണ്ടു പിടുത്തം.

## കേരളത്തിൽ ഫാം കൃഷിരീതി വ്യാപകമാകും: ഏറ്റവും കുറഞ്ഞ വരുമാനം 500 കോടി



**കണ്ണൂർ:** ആറു മാസത്തിനകം ഫാം ടൂറിസത്തിന്റെ സാദ്ധ്യതകൾ ലോകത്തിന് പരിചയപ്പെടുത്താനുള്ള പദ്ധതികളുമായി കൃഷി,ടൂറിസം വകുപ്പുകൾ. ഇത്രയും കാലയളവിനുള്ളിൽ കുറഞ്ഞത് 500 ഫാം ടൂറിസം യൂണിറ്റുകൾ സജ്ജമാക്കി പരമാവധി വിനോദസഞ്ചാരികളെ എത്തിക്കുകയെന്നതാണ് ലക്ഷ്യം. ഉല്പന്നങ്ങളുടെ വിപണന സാദ്ധ്യതയ്ക്ക് പുറമെ ഫാമുകളെ ടൂർ പാക്കേജുകളുടെ ഭാഗമാക്കാനുമാണ് പദ്ധതി.

അഭിരുചിയുള്ളവരെ കണ്ടെത്തിയാൽ വർഷം കുറഞ്ഞത് 500കോടിയുടെ വരുമാനം ഉണ്ടാക്കിയെടുക്കാൻ സാധിക്കുമെന്നാണ് കൃഷിവകുപ്പിന്റെ വിലയിരുത്തൽ. കൃഷിവകുപ്പിന്റെ കീഴിലുള്ള ഫാമുകളിൽ തന്നെ ഇത്തരം സൗകര്യങ്ങളൊരുക്കാനാണ് ആലോചന. കാസർകോട് പിലിക്കോട് കാർഷിക ഗവേഷണ കേന്ദ്രത്തിൽ ഫാം ടൂറിസത്തിന്റെ ഭാഗമായി ഫാം കാർണിവൽ സംഘടിപ്പിച്ചത് ഇതെ ഉദ്ദേശം മുൻനിർത്തിയാണ്. വിനോദസഞ്ചാരികളെ സംരംഭകരുടെ നേതൃത്വത്തിൽ ഫാമുകളിലേക്ക് എത്തിച്ച് കേരളത്തിന്റെ കൃഷിയറിവ് പകർന്നു കൊടുക്കുന്ന രീതിയാണിത്.കൃഷിയും ടൂറിസവും കൈകോർക്കുന്നതോടെ അനുഭവവേദ്യ ടൂറിസത്തിന്റെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്താൻ കഴിയുമെന്നാണ് സർക്കാർ കരുതുന്നത്. കേരളത്തിന്റെ ഉപജീവന, സാമ്പത്തിക രംഗങ്ങളിലെ പ്രധാന ഘടകങ്ങളാണ് കൃഷിയും ടൂറിസവും. കൊവിഡും തുടർച്ചയായ പ്രകൃതി ദുരന്തങ്ങളും ഏറ്റവും കൂടുതൽ ബാധിച്ച ഇരുമേഖലകളുടേയും ശാക്തീകരണം ഇതിലൂടെ ലക്ഷ്യമിടുന്നു.സഞ്ചാരികൾക്ക് അനുഭവം; കർഷകന് വരുമാനംകൃഷി പഠിക്കാൻ വിദേശികളടക്കം നിരവധി പേർ കേരളത്തിലേക്ക് വരുന്നുണ്ട്.

അടിസ്ഥാന സൗകര്യം മെച്ചപ്പെടാത്തതാണ് ഇവർക്ക് തടസ്സം. തിരഞ്ഞെടുക്കപ്പെടുന്ന കർഷകന്റെ വീടുകളിൽ ഇത്തരം സഞ്ചാരികളെ താമസിപ്പിച്ച് കൃഷി പഠിപ്പിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. ഇത് ഒരേസമയം ടൂറിസ്റ്റുകൾക്ക് ആസ്വാദ്യകരവും കർഷകർക്ക് വരുമാനദായകവുമാകും.പദ്ധതിയിലൂടെ വിനോദസഞ്ചാരികൾക്ക് കൃഷിയുടെ വിവിധ പ്രവർത്തനങ്ങളുടെ ഭാഗമാകാനും, ഫാമുകളിലെ താമസ സൗകര്യം ഉപയോഗപ്പെടുത്താനും സാധിക്കും. നിലവിൽ ടൂറിസത്തിനായുള്ള രജിസ്ട്രേഡ് ഫാം യൂണിറ്റുകൾ കുറവാണ്. ഇവയുടെ എണ്ണം വർദ്ധിപ്പിക്കാനാണ് ആലോചന.

# 2025 ഓടെ കേരളം ക്ഷയരോഗ വിമുക്തമാകും: മന്ത്രി വീണാ ജോർജ്

**തിരുവനന്തപുരം:** രാജ്യത്തുതന്നെ ക്ഷയരോഗ നിർമാർജന പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടത്തുന്ന സംസ്ഥാനമാണ് കേരളമെന്നും 2025 ഓടെ സംസ്ഥാനത്തെ ക്ഷയരോഗ വിമുക്തമാക്കുമെന്നും ആരോഗ്യ വകുപ്പ് മന്ത്രി വീണ ജോർജ് പറഞ്ഞു. സംസ്ഥാന തല ക്ഷയരോഗ ദിനാചരണം തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് ഇ എം എസ് ഹാളിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി. ക്ഷയരോഗ നിർണയം നടത്തുന്നതിനും ചികിത്സിച്ചു ഭേദമാക്കുന്നതിനുള്ള കർമ പരിപാടിക്ക് കേരളം വളരെ മുൻപേ തന്നെ തുടക്കം കുറിച്ചിട്ടുള്ളതാണ്. ഇതിന്റെ തുടർച്ചയായി നവകേരളം കർമ്മപദ്ധതി രണ്ടിന്റെ ഭാഗമായുള്ള ആർദ്രം പദ്ധതിയിലെ പത്ത് സുപ്രധാന ഘടകങ്ങളിൽ ക്ഷയരോഗനിവാരണം ഉൾപ്പെടുത്തി. കുട്ടികളിലും കൗമാരക്കാരിലും പ്രത്യേക ശ്രദ്ധ നൽകി രോഗനിർണയ പരിപാടികൾ നിലവിൽ ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ നടത്തി വരികയാണ്.

രോഗനിർമ്മാർജനത്തിന് എല്ലാ വിധ സൗകര്യങ്ങളും ഒരുക്കുന്നതിനോടൊപ്പം വ്യക്തിയുടെ രോഗപ്രതിരോധശേഷി വർദ്ധിപ്പിക്കുന്നതിനും ജീവിതശൈലി ക്രമീകരിക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങളും സഹായങ്ങളും ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ നൽകിവരുന്നു. കേരളം നടത്തുന്ന ഈ പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമായി 2021 ൽ വെങ്കലവും 2022 ൽ വെള്ളിമെഡലും സംസ്ഥാനത്തിന് ലഭിച്ചു. ഇടുക്കി ജില്ലയിലെ കുടുംബശ്രീയുടെ നേതൃത്വത്തിൽ അയൽക്കൂട്ടങ്ങളിലൂടെ നടത്തുന്ന ക്ഷയരോഗ നിർമാർജന പദ്ധതിയുടെ പ്രചരണ പരിപാടി അനുകരണീയമാണ്. നാലു കോടി 50 ലക്ഷം രൂപ ക്ഷയരോഗബാധിതരുടെ ക്ഷേമത്തിന് ബാങ്ക് അക്കൗണ്ടിലൂടെ വിതരണം ചെയ്യാൻ കഴിഞ്ഞതായും മന്ത്രി പറഞ്ഞു. ക്ഷയരോഗ ബാധിതരെ സഹായിക്കുന്നതിനായി പുറത്തിറക്കിയ തപാൽ സ്റ്റാമ്പിന്റെ സംസ്ഥാനതല വിതരണോദ്ഘാടനവും മന്ത്രി നിർവഹിച്ചു. അഞ്ച് രൂപ വിലയുള്ള സ്റ്റാമ്പിന്റെ വിൽപ്പനയിലൂടെ ലഭിക്കുന്ന തുക ക്ഷയരോഗ ബാധിതരുടെ ക്ഷേമത്തിനായി വിനിയോഗിക്കും.

അഡ്വ.വി.കെ. പ്രശാന്ത് എം.എൽ.എ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ഡോ.രവീന്ദ്രൻ സ്വാഗതം ആശംസിച്ചു. ജില്ല പഞ്ചായത്ത് പ്രസിഡന്റ് ഡി സുരേഷ് കുമാർ എന്നിവർ മുഖ്യാതിഥിയായി. ഡോ. ആർ ശ്രീലത, ഡോ. കെ സക്കീന, ഡോ. ബിന്ദു മോഹൻ, ഡോ. ആശ വിജയൻ, ഡോ. എസ് വത്സല, ഡോ. എൻ സുൽഫി എന്നിവർ സംബന്ധിച്ചു. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ഡോ.തോമസ് മാത്യു ചടങ്ങിന് നന്ദി അറിയിച്ചു.

# തൊഴിലരങ്ങത്തേക്ക് : ജോബ് ഓഫർ ലെറ്ററുകൾ കൈമാറി

കേരള നോളജ് ഇക്കോണമി മിഷൻ കുടുംബശ്രീയുടെ സഹകരണത്തോടെ നടപ്പാക്കുന്ന തൊഴിലരങ്ങത്തേക്ക് എന്ന പദ്ധതിയുടെ ഭാഗമായി സംഘടിപ്പിച്ച വനിത തൊഴിൽ മേളയിൽ തെരഞ്ഞെടുത്ത ഉദ്യോഗാർത്ഥികൾക്ക് ജോബ് ലെറ്ററുകൾ വിതരണം ചെയ്തു.

മാർച്ച് 24ന് മുളങ്കുന്നത്തുകാവ് കിലയിൽ വച്ച് നടന്ന ചടങ്ങിൽ ജില്ലാപഞ്ചായത്ത് പ്രസിഡന്റ് പി കെ ഡേവീസ് മാസ്റ്റർ ഓഫർ ലെറ്റർ കൈമാറി. ആദ്യ ജോബ് ലെറ്റർ പി എസ് ആര്യ ഏറ്റുവാങ്ങി.

തൊഴിലില്ലായ്മ കൂടുതൽ നേരിടുന്നത് സ്ത്രീസമൂഹമാണെന്നും സ്ത്രീപുരുഷ തുല്യത അക്ഷരങ്ങളിൽ ഒതുങ്ങേണ്ടതല്ലെന്നും പി കെ ഡേവിസ് മാസ്റ്റർ പറഞ്ഞു. ഇത്തരം പദ്ധതികൾ സ്ത്രീപുരുഷ തുല്യത ഉറപ്പാക്കുന്നതിൽ പങ്കുവഹിക്കുമെന്നും അദ്ദേഹം പറഞ്ഞു.

ലോക വനിതാ ദിനത്തിന്റെ ഭാഗമായി സംഘടിപ്പിച്ച തൊഴിൽ മേളയിൽ 1120 പേർ പങ്കെടുത്തിരുന്നു.

ചുരുക്ക പട്ടികയിൽ ഉൾപ്പെട്ട 676 പേരിൽ നിന്നും തെരഞ്ഞെടുത്ത 78 ഉദ്യോഗാർത്ഥികൾക്കാണ് ജോബ് ലെറ്ററുകൾ കൈമാറിയത്.

കേരളത്തിലെ അഭ്യസ്തവിദ്യരായ തൊഴിലന്വേഷകർക്ക് വിദ്യാഭ്യാസ യോഗ്യതയ്ക്കും നൈപുണ്യത്തിനും അനുസൃതമായി സ്വകാര്യമേഖലയിൽ തൊഴിൽ ലഭ്യമാക്കുകയാണ് പദ്ധതി ലക്ഷ്യമിടുന്നത്. 2026ൽ 20 ലക്ഷം തൊഴിലവസരങ്ങളുണ്ടാക്കാനാണ് പദ്ധതി.

കുടുംബശ്രീ ജില്ലാമിഷൻ കോഓർഡിനേറ്റർ എസ് സി നിർമ്മൽ അദ്ധ്യക്ഷത വഹിച്ചു. കേരള നോളജ് എക്കണോമി മിക്ഷൻ സ്റ്റേറ്റ് പ്രോഗ്രാം മാനേജർ സി മധുസൂദനൻ കമ്മ്യൂണിറ്റി അംബാസിഡർമാർക്ക് പരിശീലനം നൽകി.

# നാളികേരത്തിന്റെ വില കുത്തനെ ഇടിഞ്ഞു

**കൽപറ്റ:** നാളികേരത്തിന്റെ വില കുത്തനെ ഇടിഞ്ഞതോടെ കർഷകർ ആശങ്കയിൽ. ഒരു കിലോ പൊളിച്ച നാളികേരത്തിന് നിലവിൽ 23 രൂപയാണു കർഷകർക്കു ലഭിക്കുന്നത്. എന്നാൽ, വെളിച്ചെണ്ണയുടെ വില കുറഞ്ഞിട്ടുമില്ല. അതേസമയം, വിപണിയിൽ ഒരുകിലോ നാളികേരത്തിനു 38, 40 രൂപ വരെയാണ് വ്യാപാരികൾ ഈടാക്കുന്നത്.

ഇതര സംസ്ഥാന ലോബികൾ നാളികേര വിപണിയിൽ പിടിമുറുക്കിയതാണു വില കുറയാൻ കാരണമായി കർഷകർ പറയുന്നത്. മുഖ്യവിളയായി നാളികേരം കൃഷി ചെയ്യുന്ന കർഷകർ വയനാട്ടിൽ കുറവാണെങ്കിലും മിക്കത്തോട്ടങ്ങളിലും ഇടവിളയായി കൃഷി ചെയ്യുന്നുണ്ട്. ജില്ലയിൽ മുള്ളൻകൊല്ലി, പുൽപള്ളി, പനമരം പഞ്ചായത്തുകളിലും മാനന്തവാടി നഗരസഭയിലുമാണു നാളികേര കർഷകർ കൂടുതലായുള്ളത്.

ജില്ലയിൽ പ്രതിദിനം 10 ടൺ വരെ ഉൽപാദനമുണ്ട്. നിലവിൽ ഈ മേഖലയിൽ പിടിച്ചുനിൽക്കാൻ പറ്റാത്ത സാഹചര്യമാണെന്ന് കർഷകർ പറയുന്നു. തെങ്ങുകയറ്റം, കയറ്റുകൂലി, വാരിക്കൂട്ടൽ, പൊതിക്കൽ എന്നീ ജോലികൾക്കു മുൻവർഷങ്ങളെ അപേക്ഷിച്ച് ഇരട്ടിയലധികം കൂലിവർധനയുണ്ടായി. ഇതിനു പുറമേ മഞ്ഞളിപ്പ്, മണ്ഡരി രോഗബാധയും തോട്ടങ്ങളിൽ പടർന്നു. ഇത്തരം പ്രതിസന്ധികളെല്ലാം അതിജീവിച്ച് നാളികേരം വിപണിയിലെത്തിച്ചാൽ ഉൽപാദന ചെലവു പോലും ലഭിക്കാത്ത അവസ്ഥയാണെന്ന് കർഷകർ പറയുന്നു. അധികൃതരുടെ ഭാഗത്തു നിന്നു കാര്യക്ഷമമായ ഇടപെടലുകളുണ്ടാകാത്തതിനാൽ നാളികേര കർഷകർക്ക് ലഭിക്കേണ്ട പണം മുഴുവൻ ഇടനിലക്കാരുടെ കയ്യിലെത്തുന്ന സ്ഥിതിയാണ്.

വിലത്തകർച്ചയിൽ നിന്നു നാളികേര കർഷകരെ സംരക്ഷിക്കാൻ വയനാട്ടിൽ പച്ചത്തേങ്ങ സംഭരിക്കണമെന്ന് കർഷകർ ആവശ്യപ്പെടാൻ തുടങ്ങിയിട്ടു വർഷങ്ങളായി. ജില്ലയിലെ നാളികേര കർഷകർ പൊതുവിപണിയിൽ പ്രാദേശിക വ്യാപാരികൾക്കും ഇതര ജില്ലകളിൽ നിന്നെത്തുന്ന വ്യാപാരികൾക്കുമാണ് തേങ്ങ വിൽക്കുന്നത്. കോഴിക്കോട് ജില്ലയിലെ താമരശ്ശേരിയിൽ നിന്നാണ് വ്യാപാരികൾ കൂടുതലായി ജില്ലയിലെത്തുന്നത്. പുൽപള്ളി, മാനന്തവാടി എന്നിവിടങ്ങളിൽ തേങ്ങ സംഭരിക്കുന്ന സ്വകാര്യ വ്യാപാരികളുമുണ്ട്. 2016ൽ അധികാരമേറ്റെടുത്ത ശേഷം ആദ്യമായി വയനാട്ടിലെത്തിയപ്പോൾ വയനാട്ടിൽ നിന്നു പച്ചത്തേങ്ങ സംഭരിക്കുമെന്നു മുഖ്യമന്ത്രി പിണറായി വിജയൻ പ്രഖ്യാപിച്ചിരുന്നു.



പ്രാഥമിക കാർഷിക വിപണന സഹകരണ സംഘങ്ങൾ മുഖേന സ്വതന്ത്രവും സുതാര്യവുമായ സംവിധാനത്തിലൂടെ പച്ചത്തേങ്ങ സംഭരണ പദ്ധതി നടപ്പിലാക്കുമെന്നായിരുന്നു പ്രഖ്യാപനം. കേരഫെഡിൽ അംഗങ്ങളായ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ, മാർക്കറ്റിങ് സഹകരണ സംഘങ്ങൾ, കേന്ദ്ര നാളികേര വികസന ബോർഡിനു കീഴിലെ നാളികേര ഉൽപാദക സൊസൈറ്റികൾ, ഫെഡറേഷനുകൾ, ഡ്രയർ സൗകര്യമുള്ള മറ്റു സൊസൈറ്റികൾ എന്നിവർ കർഷകരിൽ നിന്നു നേരിട്ട് ഗുണനിലവാരമുള്ള പച്ചത്തേങ്ങ സംഭരിച്ച് ഗുണനിലവാരത്തിലുള്ള കൊപ്രയാക്കി കേരഫെഡിന് നൽകണമെന്നായിരുന്നു ഉത്തരവ്.

പച്ചത്തേങ്ങ സംഭരണത്തിനുള്ള സംസ്ഥാനതല ഏജൻസിയായി കേരഫെഡിനെയും കേന്ദ്ര സർക്കാർ മാനദണ്ഡങ്ങൾ പ്രകാരം കേരഫെഡ് വഴി കൊപ്ര സംഭരിക്കുന്നതിനായി നാഫെഡിനെയും ചുമതലപ്പെടുത്തി ഉത്തരവിട്ടിരുന്നു. മറ്റു ജില്ലകളിൽ മാസങ്ങൾക്കുള്ളിൽ സംഭരണം ആരംഭിച്ചപ്പോൾ വയനാട്ടിൽ മാത്രം തുടർനടപടി മുടങ്ങി. ജില്ലയിൽ ഡ്രയർ സൗകര്യമുള്ള സഹകരണ സംഘങ്ങൾ ഇല്ലാത്തതാണു പദ്ധതി നടപ്പാക്കാൻ വൈകുന്നതിനു കാരണമായി അധികൃതർ പറയുന്നത്. പരീക്ഷണാടിസ്ഥാനത്തിലെങ്കിലും തേങ്ങ സംഭരണം ജില്ലയിൽ ആരംഭിക്കണമെന്നാണ് കർഷകരുടെ ആവശ്യം.

# ആരോഗ്യ പ്രവർത്തകർക്ക് നേരെയുള്ള ആക്രമണം തടയാൻ നിയമനിർമ്മാണം

**തിരുവനന്തപുരം:** ആരോഗ്യ പ്രവർത്തകർക്ക് നേരെയുള്ള ആക്രമണം തടയാൻ സംസ്ഥാന സർക്കാർ ശക്തമായ നിയമനിർമ്മാണം നടത്തുമെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്. എല്ലാ വശങ്ങളും പരിശോധിച്ച് എത്രയും വേഗം നിയമനിർമ്മാണം നടപ്പിലാക്കുന്നതാണ്. ആരോഗ്യ പ്രവർത്തകർക്ക് നേരെയുള്ള ആക്രമണങ്ങൾ നിർഭാഗ്യകരമാണ്. അതവരുടെ മനോവീര്യം തകർക്കും. ആരോഗ്യ പ്രവർത്തകർക്ക് നേരെയുള്ള ആക്രമണങ്ങൾ ഒറ്റക്കെട്ടായി ചെറുക്കണമെന്നും മന്ത്രി അഭ്യർഥിച്ചു. 202122 വർഷത്തിലെ സംസ്ഥാന കായകൽപ്പ് പുരസ്കാരം പരിപാടിയുടെ ഉദ്ഘാടനവും അവാർഡ് വിതരണവും നിശാഗന്ധി ഓഡിറ്റോറിയത്തിൽ നിർവഹിക്കുകയായിരുന്നു മന്ത്രി.

സംസ്ഥാനത്തെ എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലും ഇഹെൽത്ത് സംവിധാനമൊരുക്കാനാണ് ലക്ഷ്യമിടുന്നത്. 540 ഓളം സ്ഥാപനങ്ങളിൽ ഇഹെൽത്ത് നടപ്പാക്കിയിട്ടുണ്ട്. ഇതിലൂടെ പേപ്പർരഹിത ആശുപത്രി സേവനം സാധ്യമാക്കാനും ഓൺലൈൻ വഴി ഒപി ടിക്കറ്റെടുക്കാനും ആശുപത്രി അപ്പോയിന്റ്മെന്റെടുക്കാനും സാധിക്കുന്നു. ഓക്സിജൻ സ്വയംപര്യാപ്തതയിൽ കേരളത്തെ ലോകാരോഗ്യ സംഘടന അഭിനന്ദിച്ചിട്ടുണ്ട്. സർക്കാർ മേഖലയിൽ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ യാഥാർഥ്യമാക്കി. ഇന്ത്യയിൽ ആദ്യമായി ജനറൽ ആശുപത്രിയിൽ ഹൃദയ ശസ്ത്രക്രിയ നടത്തി. ജീവിതശൈലീ രോഗങ്ങൾക്കായി ശൈലി ആപ്പ് വഴി വലിയ പ്രവർത്തനങ്ങൾ നടത്തി വരുന്നു. കാൻസർ ചികിത്സയുമായി ബന്ധപ്പെട്ട് ജില്ലാതല കാൻസർ പരിപാടി സംഘടിപ്പിച്ചു വരുന്നു. നേരത്തെ കാൻസർ കണ്ടെത്തി ചികിത്സിക്കുകയാണ് ലക്ഷ്യം.



# അടുത്ത വർഷത്തെ സ്കൂൾ യൂണിഫോം തയ്യാർ; വിതരണോദ്ഘാടനം ഇന്ന്

**കൊച്ചി:** അടുത്ത അധ്യയന വർഷത്തേക്ക് സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യാനുള്ള കൈത്തറി സ്കൂൾ യൂണിഫോം തയ്യാർ. സംസ്ഥാന തല വിതരണ ഉദ്ഘാടനം ഇന്ന് രാവിലെ 11 ന് ഏലൂർ ജി.എച്ച്.എസ്.എസിൽ പൊതു വിദ്യാഭ്യാസ മന്ത്രി വി.ശിവൻകുട്ടി നിർവ്വഹിക്കും. വ്യവസായ മന്ത്രി പി.രാജീവ് അധ്യക്ഷനാകും. ചരിത്രത്തിലാദ്യമായി സ്കൂൾ വിദ്യാർത്ഥികൾക്കുള്ള സൗജന്യ കൈത്തറി യൂണിഫോം മധ്യവേനലവധിക്ക് മുൻപയി വിതരണം ചെയ്യുന്നത് അഭിമാനകരമായ നേട്ടമാണെന്ന് വ്യവസായ മന്ത്രി പി.രാജീവ് പറഞ്ഞു.സംസ്ഥാനത്തെ സർക്കാർ / എയ്ഡഡ് വിദ്യാലയങ്ങളിലെ ഒന്ന് മുതൽ ഏഴുവരെ ക്ളാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് സൗജന്യ കൈത്തറി യൂണിഫോം നൽകുന്നത്. വ്യവസായ കൈത്തറി വകുപ്പുകൾക്ക് കീഴിലുള്ള കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങളിലെ തൊഴിലാളികൾ നെയ്ത യൂണിഫോം തുണി വിതരണത്തിന് ഇതിനകം തയ്യാറായിക്കഴിഞ്ഞു. അടുത്ത വർഷം ജൂൺ 1 ന് സ്കൂൾ തുറക്കുമ്പോൾ തന്നെ പുത്തൻ യൂണിഫോം ധരിച്ച് വിദ്യാർത്ഥികൾക്ക് ക്ളാസിലെത്താം. സ്കൂൾ വിദ്യാർത്ഥികൾക്ക് യൂണിഫോം ലഭ്യമാക്കുന്നതിനൊപ്പം സംസ്ഥാനത്തെ കൈത്തറി മേഖലയുടെ പുനരുദ്ധാരണവും കൂടി ലക്ഷ്യമിട്ടാണ് പദ്ധതി നടപ്പാക്കിയിരിക്കുന്നത്.രണ്ട് ജോഡി വീതം യൂണിഫോം തുണിയാണ് വിതരണം ചെയ്യുന്നത്. ആകെ 10 ലക്ഷം കുട്ടികൾക്കായി 42.5 ലക്ഷം മീറ്റർ യൂണിഫോം തുണിയാണ് ഒന്നാം ഘട്ടത്തിൽ വിതരണം ചെയ്യുക. 202324 അധ്യയന വർഷത്തിൽ സ്കൂൾ യൂണിഫോം പദ്ധതിയ്ക്കായി 140 കോടി രൂപയാണ് സംസ്ഥാന സർക്കാർ ബഡ്ജറ്റിൽ വകയിരുത്തിയത്. 2016-17ൽ ഒന്നാം പിണറായി സർക്കാരിന്റെ കാലത്താണ് പരമ്പരാഗത വ്യവസായ കൈത്തറിയുടെ ഉന്നമനത്തിനും, സ്കൂൾ കുട്ടികൾക്ക് ഗുണമേൻമയേറിയ യൂണിഫോം ലഭിക്കുന്നതിനുമായി സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി നടപ്പിലാക്കിയത്. യൂണിഫോം ലഭിക്കുന്നതിൽ കാലതാമസമുണ്ടാകുന്നതും ഗുണമേന്മ കുറവാകുന്നതുമായ പരാതികൾ പരിഹരിക്കാൻ കൈത്തറി യൂണിഫോമുകളിലൂടെ സാധിച്ചു. പൊതു വിദ്യാഭ്യാസ വകുപ്പിന്റെയും, കൈത്തറി വകുപ്പിന്റെയും സംയുക്ത ആഭിമുഖ്യത്തിലാണ് പദ്ധതി നടപ്പിലാക്കിവരുന്നത്. തിരുവനന്തപുരം മുതൽ എറണാകുളം വരെയുള്ള ജില്ലകളിൽ ഹാന്റക്സും, തൃശ്ശൂർ മുതൽ കാസർഗോഡ് വരെയുള്ള ജില്ലകളിൽ ഹാൻവീവുമാണ് യൂണിഫോം തുണി വിതരണം ചെയ്യുന്നത്. നിലവിൽ 6200 നെയ്ത്തുകാരും, 1600 അനുബന്ധ തൊഴിലാളികളും ഇതുമായി ബന്ധപ്പെട്ട ജോലി ചെയ്തുവരുന്നു. സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതിയ്ക്കായി ആരംഭഘട്ടം മുതൽ ഇതുവരെ 469 കോടി രൂപയാണ് സർക്കാർ അനുവദിച്ച് നൽകിയിട്ടുള്ളത്. ഇതിൽ നിന്നും 284 കോടി രൂപ നെയ്ത്തുകാർക്ക് കൂലിയിനത്തിൽ വിതരണം ചെയ്യുന്നതിനും സാധിച്ചതായി മന്ത്രി പി.രാജീവ് അറിയിച്ചു.പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ, വിദ്യാഭ്യാസ വ്യവസായ പ്രിൻസിപ്പൽ സെക്രട്ടറി എ.പി.എം. മുഹമ്മദ് ഹനീഷ്, പൊതു വിദ്യാഭ്യാസ ഡയറക്ടർ കെ. ജീവൻ ബാബു, ഏലൂർ നഗരസഭാ ചെയർമാൻ എ.ഡി. സുജിൽ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുക്കും.

# മലയാറ്റൂർ വിശുദ്ധ വാരാചരണം ; തീർത്ഥാടകർക്ക് ക്രമീകരണങ്ങൾ ഏർപ്പെടുത്തും

- ഏപ്രിൽ ഒന്നു മുതൽ മെയ് 15 വരെയാണ് മലയാറ്റൂർ തീർത്ഥാടന കേന്ദ്രത്തിൽ വിശുദ്ധ വാരം
- തീർത്ഥാടകർക്കായി തണ്ണീർ പന്തലുകൾ നിർമ്മിക്കും
- പൂർണമായും ഗ്രീൻ പ്രോട്ടോകോൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കണം



**കൊച്ചി:** മലയാറ്റൂർ അന്താരാഷ്ട്ര തീർത്ഥാടന കേന്ദ്രത്തിലെ വിശുദ്ധ വാരത്തിനോട് അനുബന്ധിച്ച് ജനത്തിരക്ക് പരിഗണിച്ച് ആവശ്യമായ ക്രമീകരണങ്ങൾ ഒരുക്കാൻ റോജി.എം.ജോൺ എം.എൽ.എയുടെയും ജില്ലാ കളക്ടർ എൻ.എസ്.കെ. ഉമേഷിന്റെയും നേതൃത്വത്തിൽ നടന്ന അവലോകന യോഗത്തിൽ തിരുമാനം.എല്ലാ വകുപ്പുകളും ഏകോപനത്തോടെ പ്രവർത്തിച്ച് തീർത്ഥാടകർക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കണമെന്ന് എം.എൽ.എ യോഗത്തിൽ ആവശ്യപ്പെട്ടു. പൂർണമായും ഗ്രീൻ പ്രോട്ടോകോൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കണമെന്ന് കളക്ടർ പറഞ്ഞു. തീർത്ഥാടകർക്ക് ആവശ്യമായ കുടിവെള്ള സൗകര്യങ്ങൾ ഉറപ്പാക്കുന്നതിന് തണ്ണീർ പന്തലുകൾ നിർമ്മിക്കുന്നതിന് മലയാറ്റൂർ നീലീശ്വരം ഗ്രാമപഞ്ചായത്തിന് കളക്ടർ നിർദ്ദേശം നൽകി.ഏപ്രിൽ ഒന്നു മുതൽ മെയ് 15 വരെയാണ് മലയാറ്റൂർ തീർത്ഥാടന കേന്ദ്രത്തിൽ വിശുദ്ധ വാരം. ഈ ദിവസങ്ങളിൽ ക്രമസമാധാന ചുമതലയ്ക്കായി കൂടുതൽ പോലീസുകാരെ വിന്യസിക്കും. ആവശ്യമായ പാർക്കിംഗ് സൗകര്യങ്ങളും ഗതാഗത നിയന്ത്രണങ്ങളും പോലീസിന്റെ നേതൃത്വത്തിൽ ഏർപ്പെടുത്തും. തിരുനാൾ ദിനങ്ങളിൽ പോലീസ് പട്രോളിഗ് ശക്തമാക്കും. പുഴയോരത്തും തടാകത്തിന്റെ സമീപത്തും സുരക്ഷാ മുന്നൊരുക്കങ്ങൾ ഒരുക്കും. ഭിക്ഷാടനം നിയന്ത്രിക്കുന്നതിന് നടപടികൾ സ്വീകരിക്കും.സിവിൽ സപ്ലൈസിന്റെ നേതൃത്വത്തിൽ സ്‌ക്വാഡുകൾ രൂപീകരിച്ച് കടകളിൽ പരിശോധന നടത്തും. വിലവിവര പട്ടിക പ്രദർശിപ്പിക്കാൻ കടകൾക്ക് നിർദേശം നൽകും. അനധികൃത മദ്യ വിൽപ്പനയും ലഹരിപദാർത്ഥങ്ങളുടെ വില്പനയും തടയുന്നതിന് എക്സൈസിന്റെ നേതൃത്വത്തിൽ നടപടികൾ സ്വീകരിക്കും.വനം വകുപ്പിന്റെ നേതൃത്വത്തിൽ വന സംരക്ഷണ ബോധവൽക്കരണ ബോർഡുകൾ സ്ഥാപിക്കും. തീർത്ഥാടന കേന്ദ്രത്തിനോട് ചേർന്ന വനമേഖലകളിൽ പരിശോധനകളും നടക്കും. അടിവാരത്തും കുരിശുമുടിയിലും മെഡിക്കൽ സൗകര്യങ്ങൾ ഒരുക്കും. ആംബുലൻസുകളും, സ്ട്രക്ചറുകളും, ഡോക്ടർമാരുടെ സേവനവും ഉറപ്പാക്കും. റോഡുകളിലെ സുരക്ഷ ഉറപ്പുവരുത്താനും കുഴികളും കാനകളും അടക്കുന്നതിനും അപകടസൂചികൾ സ്ഥാപിക്കുന്നതിനും പൊതുമരാമത്ത് വകുപ്പിന് നിർദേശം നൽകി.തീർത്ഥാടകർ പുഴയിലും തടാകത്തിൽ ഇറങ്ങി ഉണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കാൻ സുരക്ഷാ നടപടികൾ സ്വീകരിക്കും. തീപിടിത്തം തുടങ്ങിയ സാഹചര്യങ്ങൾ ഒഴിവാക്കുന്നതിന് അഗ്നി രക്ഷാ സേനയുടെ സേവനം ഉറപ്പാക്കും. തിരുനാളിനോട് അനുബന്ധിച്ച് കെ.എസ്.ആർ.ടി.സിയുടെ നേതൃത്വത്തിൽ വിവിധ ഡിപ്പോകളിൽ നിന്ന് മലയാറ്റൂരിലേക്ക് സർവീസ് ആരംഭിക്കും.പ്ലാസ്റ്റിക് കുപ്പികളും മറ്റ് മാലിന്യങ്ങളും തൽസമയം പെറുക്കി ശേഖരിക്കുന്നതിന് അടിവാരം മുതൽ കുരിശുമുടി വരെ പ്രത്യേകം വോളണ്ടിയേഴ്സിനെ നിയമിക്കും. ഗ്രീൻ പ്രോട്ടോകോൾ പാലിക്കുന്നതിനെക്കുറിച്ച് തീർത്ഥാടകരെ ബോധവാന്മാരാക്കാൻ ശുചിത്വമിഷന്റെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾ നടക്കും. തീർത്ഥാടകർ കുപ്പിവെള്ളം ആവശ്യപ്പെടുന്ന സാഹചര്യം ഒഴിവാക്കാൻ ശുദ്ധീകരിച്ച കുടിവെള്ള ടാപ്പുകൾ സജ്ജമാക്കും. സ്റ്റീൽ പാത്രങ്ങളും സ്റ്റീൽ ഗ്ലാസുകളും ഏർപ്പെടുത്തും. എല്ലായിടങ്ങളിലും വേസ്റ്റ് ബിന്നുകൾ സ്ഥാപിക്കും. കടകളിലെ മാലിന്യങ്ങൾ കൃത്യമായി നിർമാർജനം ചെയ്യുന്നതിന് സംവിധാനം സജ്ജമാക്കും. യോഗത്തിൽ അങ്കമാലി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് മേരി ദേവസിക്കുട്ടി, ജില്ലാ പഞ്ചായത്ത് മെമ്പർ അനുമോൾ ബേബി, മലയാറ്റൂർ നീലീശ്വരം പഞ്ചായത്ത് പ്രസിഡന്റ് വിൻസൺ കോയിക്കര, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ രവികുമാർ മീണ, അസിസ്റ്റന്റ് സൂപ്രണ്ട് ഓഫ് പോലീസ് ജുവനാപ്പുടി മഹേഷ് , ആലുവ തഹസീൽദാർ സുനിൽ മാത്യു, കാലടി പോലീസ് സ്റ്റേഷൻ സി.ഐ എൻ.എ അനൂപ്, മലയാറ്റൂർ പള്ളി വികാരി ഫാദർ വർഗീസ് മണവാളൻ, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ, വൈദികർ തുടങ്ങിയവർ പങ്കെടുത്തു.

## ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി

**കൊച്ചി:** വ്യവസായ വാണിജ്യ വകുപ്പ് മുഖേന എടുത്ത മാർജിൻ മണി വായ്പയുടെ കുടിശ്ശിക അടച്ചു തീർക്കാൻ വ്യവസായ സംരംഭകർക്കായി സർക്കാർ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പാക്കുന്നു. ജൂൺ മൂന്ന് വരെ നിബന്ധനകൾക്ക് വിധേയമായി വായ്പ കുടിശ്ശിക തീർപ്പാക്കാം. കാറ്റഗറി ഒന്ന് പ്രകാരം സംരംഭകൻ മരണപ്പെടുകയും സംരംഭം പ്രവർത്തനരഹിതമായിരിക്കുന്നതും ആസ്തികൾ ഒന്നും നിലവിലില്ലാത്തതുമായ യൂണിറ്റുകളുടെ മാർജിൻ മണി വായ്പ കുടിശ്ശിക തുക എഴുതിത്തള്ളും. കാറ്റഗറി രണ്ട് പ്രകാരം പിഴപ്പലിശ പൂർണമായും ഒഴിവാക്കി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിപ്രകാരം അപേക്ഷ സമർപ്പിക്കുന്ന തീയതി വരെ ആറ് ശതമാനം നിരക്കിൽ പലിശ കണക്കാക്കുന്നതും പലിശയുടെ 50 ശതമാന തുക ഇളവ് ചെയ്തും നൽകും. മുതൽ തുകയേക്കാൾ പലിശ തുക അധികരിക്കുന്ന പക്ഷം, മുതൽ തുകയ്ക്ക് തുല്യമായി പലിശ തുക നിജപ്പെടുത്തുകയും തിരിച്ചടക്കാൻ ബാക്കി നിൽക്കുന്ന തുകയിൽ നിന്ന് നേരത്തെ അടച്ച പലിശയും പിഴപ്പലിശയും കുറവ് ചെയ്തു നൽകും. താൽപര്യമുള്ളവർ 2023 ജൂൺ 3 ന് വൈകിട്ട് 5 മണിക്ക് മുൻപായി അപേക്ഷ ജില്ലാ വ്യവസായ കേന്ദ്രം കാക്കനാട് ഓഫീസിൽ സമർപ്പിക്കണമെന്ന് ജനറൽ മാനേജർ അറിയിച്ചു.ബന്ധപ്പെടേണ്ട ഫോൺ നമ്പറുകൾ : 04842421360, 9495042317, 9495977565, 9846977669, 9447052770, 9496276817, 8547744486

## അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** കൊച്ചി അർബൻ 3 ഐ സി ഡി എസ് പ്രോജക്റ്റിന്റെ പരിധിയിലുള്ള കൊച്ചി അങ്കണവാടി വർക്കർമാരുടേയും ഹെൽപ്പർമാരുടേയും നിലവിലുള്ളതും ഭാവിയിൽ ഉണ്ടാകാവുന്ന ഒഴിവുകളിലേക്കും നിയമനം (നിലവിലുള്ള സർക്കാർ ഉത്തരവുകൾ പ്രകാരം) നടത്തുന്നതിനായി കൊച്ചി കോർപ്പറേഷനിൽ സ്ഥിരതാമസക്കാരും സേവനതത്പരരുമായ അപേക്ഷകർ മികച്ച ശാരീരിക മാനസിക ക്ഷമതയുള്ള ( ഭിന്ന ശേഷിക്കാർ അപേക്ഷിക്കേണ്ടതില്ല ) വനിതകളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. അപേക്ഷകരുടെ പ്രായം 01.01.2023 ൽ 18 വയസ്സ് പൂർത്തിയാക്കേണ്ടതും, 46 വയസ്സ് കവിയാൻ പാടില്ലാത്തതുമാണ്. അപേക്ഷകൾ ഏപ്രിൽ 25ന് വൈകിട്ട് അഞ്ചു വരെ കൊച്ചി അർബൻ 3 ഐ.സി.ഡി.എസ് പ്രോജക്ടിൽ സ്വീകരിക്കും. അപേക്ഷയുടെ മാതൃക കൊച്ചി അർബൻ 3 ഐ.സി.ഡി.എസ് പ്രോജക്ട്, കൊച്ചി കോർപ്പറേഷൻ, കൊച്ചി അർബൻ 3 ഐ.സി.ഡി.എസ്. പ്രോജക്ട് പരിധിയിലെ കോർപ്പറേഷന്റെ കീഴിലുള്ള 60 അങ്കണവാടി കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ നിന്നും ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് കൊച്ചി അർബൻ ഐ.സി.ഡി.എസ് ഓഫീസുമായി ബന്ധപ്പെടുക. കൊച്ചി അർബൻ 3 ഐ.സി.ഡി.എസ്. പ്രോജക്റ്റിന്റെ പരിധിയിലുള്ള കൊച്ചി കോർപ്പറേഷനിലെ 35, 38, 39, 40, 41, 42, 43, 44, 45, 46, 47, 48, 49, 50, 51, 52, 53, 54, 55, 57, 60, 63, 64 എന്നീ ഡിവിഷനുകളിലെ സ്ഥിര താമസക്കാർ മാത്രം അപേക്ഷിക്കുക.ഫോൺ നമ്പർ : 0484 2706695.

# ടാറ്റാ എ.ഐ.എ ലൈഫ് ഇൻഷൂറൻസ് എൻഎഫ്ഒ മാർച്ച് 31 വരെ

**കൊച്ചി:** ടാറ്റാ എഐഎ ലൈഫ് ഇൻഷൂറൻസ് സസ്റ്റയനബിൾ ഇക്വിറ്റി ഫണ്ട്, ഡൈനാമിക് അഡ്വാന്റേജ് ഫണ്ട് എന്നിവയുടെ പുതിയ ഫണ്ട് ഓഫറുകൾക്ക് തുടക്കം കുറിച്ചു. യൂണിറ്റിന് പത്തു രൂപ എന്ന എൻഎവിയിൽ മാർച്ച് 31 വരെയാണ് പുതിയ ഫണ്ട് ഓഫർ.പരിസ്ഥിതി, സാമൂഹ്യ, ഭരണ സൗഹാർദ്ദ കമ്പനികളിൽ നിക്ഷേപിച്ച് ദീർഘകാലത്തിൽ മൂലധന നേട്ടം കൈവരിക്കാനാണ് ടാറ്റാ എഐഎയുടെ സസ്റ്റയനബിൾ ഇക്വിറ്റി പദ്ധതിയിലൂടെ ലക്ഷ്യമിടുന്നതെന്ന് ടാറ്റാ എഐഎ ലൈഫ് ഇൻഷൂറൻസ് ചീഫ് ഇൻവെസ്റ്റിങ് ഓഫിസറും എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റുമായ ഹർഷദ് പാട്ടീൽ പറഞ്ഞു.പദ്ധതിയുടെ നിക്ഷേപത്തിന്റെ 80 മുതൽ 100 ശതമാനം വരെ ഇഎസ്ജി മാനദണ്ഡങ്ങൾക്ക് അനുസരിച്ചുള്ള ഓഹരികളിലും ഓഹരി അധിഷ്ഠിത നിക്ഷേപങ്ങളിലുമായിരിക്കും. 20 ശതമാനം വരെ മറ്റ് ഓഹരികളിലും ഡെറ്റ്, മണി മാർക്കറ്റ് പദ്ധതികളിലും ആയിരിക്കും.വിപണി ചാഞ്ചാട്ടങ്ങൾ പോലുള്ള ഘടകങ്ങൾക്ക് അനുസരിച്ചല്ലാതെ സുസ്ഥിരമായ മികച്ച നിക്ഷേപങ്ങൾ നൽകുകയാണ് ടാറ്റാ എഐഎ ഡൈനാമിക് അഡ്വാന്റേജ് ഫണ്ടിലൂടെ ലക്ഷ്യമിടുന്നത്. രണ്ട് പുതിയ ഫണ്ട് ഓഫറുകളിലും ടാറ്റാ എഐഎയുടെ യൂലിപ് ഓഫറിങ്ങുകളായ ഫോർച്യൂൺ പ്രോ, വെൽത്ത് പ്രോ, ഫോർച്യൂൺ മാക്സിമ, വെൽത്ത് മാക്സിമ തുടങ്ങിയവയിലൂടെ നിക്ഷേപിക്കാം ടാറ്റാ എഐഎയുടെ സവിശേഷമായ നിക്ഷേപ ബന്ധിത പരിരക്ഷാ പദ്ധതികളായ പരം രക്ഷക്, സമ്പൂർണരക്ഷാ സുപ്രീം തുടങ്ങിയവ വാങ്ങുന്നതിലൂടേയും ഉപഭോക്താക്കൾക്ക് ഈ അവസരം പ്രയോജനപ്പെടുത്താം. ഇതുവഴി ഉപഭോക്താക്കൾക്ക് വിപണി ബന്ധിത നേട്ടങ്ങളും ലൈഫ് ഇൻഷൂറൻസ് പരിരക്ഷയും നേടാനാവുമെന്നും ഹർഷദ് പാട്ടീൽ പറഞ്ഞു. സാമ്പത്തിക അനിശ്ചിതത്വങ്ങളുടേയും ചാഞ്ചാട്ടങ്ങളുടേയും ഇക്കാലത്ത് നമ്മുടെ ഭാവിക്കു പരിരക്ഷ നൽകേണ്ടത് അത്യാവശ്യമാണെന്ന് ഹർഷദ് പാട്ടീൽ പറഞ്ഞു. ഇതേ സമയം തന്നെ നാം വൻ കാലാവസ്ഥാ മാറ്റങ്ങളും അതിവേഗ നഗരവൽക്കരണങ്ങളുടേയും തിക്തഫലങ്ങളും അനുഭവിക്കുകയുമാണ്. ഇവയെല്ലാം കണക്കിലെടുത്തു കൊണ്ടാണ് ഈ വെല്ലുവിളികളിലൂടെ കടന്നു പോകുകയും അതേ സമയം നമ്മുടെ ഭൂമിക്ക് മികച്ച ഭാവി ലഭ്യമാക്കാൻ സംഭാവനകൾ നൽകുകയും ചെയ്യുന്ന രണ്ട് സവിശേഷമായ എൻഎഫ്ഒകളുമായി തങ്ങൾ എത്തുന്നതെന്നും അദ്ദേഹം പറഞ്ഞു.

# വികെസി റസാക്കിന് മോസ്റ്റ് പ്രോമിസിങ് ബിസിനസ് ലീഡർ പുരസ്കാരം




**കോഴിക്കോട്:** മികവുറ്റ നേതൃപാടവത്തിലൂടെ ബിസിനസ് സംരംഭങ്ങളെ മികച്ച വളർച്ചയിലേക്കു നയിക്കുന്ന വ്യവസായികൾക്കായി പ്രമുഖ ദേശീയ മാധ്യമം ഏർപ്പെടുത്തിയ മോസ്റ്റ് പ്രോമിസിങ് ബിസിനസ് ലീഡേഴ്സ് ഓഫ് ഏഷ്യ പുരസ്കാരം വികെസി ഗ്രൂപ്പ് മാനേജിങ് ഡയറക്ടർ വികെസി റസാക്കിന്. മുംബൈയിൽ സംഘടിപ്പിച്ച ഏഷ്യൻ ബിസിനസ് ലീഡേഴ്സ് കോൺക്ലേവിൽ ഫിലിം പ്രൊഡ്യൂസർ ആനന്ദ് എൽ റായിയിൽ നിന്ന് വികെസി റസാക്ക് പുരസ്കാരം സ്വീകരിച്ചു. ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള ഉൽപ്പന്നങ്ങളും സേവനങ്ങളും നൽകുന്നതിലാണ് വികെസി ഗ്രൂപ്പിന്റെ ശ്രദ്ധ. ഇതിനായി കഠിനാധ്വാനം ചെയ്തുകൊണ്ടിരിക്കുന്ന വികെസി ടീമിനു ലഭിച്ച അംഗീകാരമാണീ പുരസ്കാരമെന്ന് വികെസി ഗ്രൂപ്പ് മാനേജിങ് ഡയറക്ടർ വികെസി റസാക്ക് പറഞ്ഞു.1984ൽ കോഴിക്കോട്ട് തുടക്കമിട്ട വികെസി ഗ്രൂപ്പ് ഇന്ത്യയിലെ ഏറ്റവും വലിയ പിയു പാദരക്ഷാ നിർമാതാക്കളാണ്.

# മെട്രോ മഹിളാ മാർക്കറ്റിന് ഇന്ന് തുടക്കം

- മേളയുടെ സമയം 10 മണി മുതൽ 7 മണി വരെ
- വൈവിദ്ധ്യമാർന്ന ഉൽപ്പന്നങ്ങളുമായി വനിതാ സംരംഭകർ
- മിതമായ നിരക്കിൽ ഉൽപ്പന്നങ്ങൾ വാങ്ങാൻ പൊതുജനങ്ങൾക്ക് അവസരം

കൊച്ചി: മെട്രോ മഹിളാ മാർക്കറ്റിന് ഇന്ന് തുടക്കമാകും. വൈറ്റില മെട്രോ സ്റ്റേഷനിൽ രാവിലെ 10 മണി മുതൽ പ്രദർശനവിൽപ്പന മേള ആരംഭിക്കും. 52 വനിതാ സംരംഭകരും ഭിന്നശേഷിയുള്ളവർക്കും വിവിധ രോഗങ്ങളാൽ വലയുന്നവർക്കും വേണ്ടി പ്രവർത്തിക്കുന്ന 6 സംഘടകളുമാണ് മേളയിൽ ഉൽപ്പന്നങ്ങൾ വിൽക്കാനെത്തുക. ചെറുകടികളും മറ്റ് ഭക്ഷണസാധനങ്ങളും ഉൾപ്പെടുത്തിയാണ് ഓട്ടിസം ക്ലബിന്റെ സ്റ്റാൾ. അമൃത സ്പെഷ്യൽ സ്കൂളിലെ വിദ്യാർത്ഥികൾ നിർമ്മിച്ച കരകൗശല വസ്തുക്കൾ, ഭിന്നശേഷിയുള്ളവർക്കായുള്ള സ്മൃതി സ്കൂളിലെ കുട്ടികളുടെ ക്രാഫ്റ്റ് വർക്കുകൾ എന്നിവയും മെട്രോ മഹിളാ മാർക്കറ്റിൽ വിൽപ്പനയ്ക്കെത്തും. ആശ്വാസകിരണം എന്ന പേരിൽ സൗജന്യ കൗൺസിലിംഗ് സെഷനുകളും ഒരുക്കിയിട്ടുണ്ട്. രണ്ട് ദിവസം നീണ്ട് നിൽക്കുന്ന മെട്രോ മഹിളാ മാർക്കറ്റിൽ ചെടികൾ, വീട്ടിലുണ്ടാക്കിയ ഭക്ഷണ വസ്തുക്കൾ, അച്ചാറുകൾ, തുണിത്തരങ്ങൾ, വിഷരഹിക പച്ചക്കറികൾ, ഹാൻഡ്മേഡ് സോപ്പ്, ടെറാക്കോട്ട ഉത്പ്പന്നങ്ങൾ തുടങ്ങിയവ വനിതാ സംരംഭകർ വിൽപ്പനയ്ക്കെത്തിക്കും. ഭീമമായ വാടക തുകകൾ താങ്ങാനാകാതെ വിഷമിക്കുന്ന ചെറുകിട സംരംഭകർക്ക് മെട്രോ മഹിളാ മാർക്കറ്റ് സഹായകരമാകുമെന്നാണ് കെഎംആർഎൽ പ്രതീക്ഷിക്കുന്നത്. ആക്സിസ് ബാങ്കുമായി സഹകരിച്ചാണ് മെട്രോ മഹിളാ മാർക്കറ്റ് സംഘടിപ്പിച്ചിരിക്കുന്നത്.സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള നിരവിധി പേരാണ് മെട്രോ മഹിളാ മാർക്കറ്റിൽ സ്റ്റാൾ ഇടുന്നതിനായി സമീപിച്ചത്. ഇത്തവണ രജിസ്റ്റർ ചെയ്യാൻ സാധിക്കാതെ പോയവർക്കായി വീണ്ടും മെട്രോ മഹിളാ മാർക്കറ്റ് നടത്താനും കെഎംആർഎൽ പദ്ധിയിടുന്നുണ്ട്. കൊച്ചി മെട്രോ യാത്രക്കാരെയും പൊതുജനങ്ങളെയും മെട്രോ മഹിളാ മാർക്കറ്റിലേക്ക് സ്വാഗതം ചെയ്യുന്നു. മെട്രോ മഹിളാ മാർക്കറ്റ് സന്ദർശിക്കുന്നതിന് പ്രവേശനം സൗജന്യമായിരിക്കും. ഞായറാഴ്ച്ച വൈകിട്ട് 7 മണിക്ക് മേള സമാപിക്കും.

# വൈക്കം സത്യഗ്രഹ ശതാബ്ദി: മുഖ്യമന്ത്രി പിണറായി വിജയനും തമിഴ്നാട് മുഖ്യമന്ത്രി എം.കെ സ്റ്റാലിനും ചേർന്ന് ഉദ്ഘാടനം ചെയ്യും.



ആലപ്പുഴ: വൈക്കം സത്യഗ്രഹത്തിന്റെ ശതാബ്ദിയാഘോഷങ്ങൾ തമിഴ്നാട് മുഖ്യമന്ത്രി എം കെ സ്റ്റാലിനും കേരള മുഖ്യമന്ത്രി പിണറായി വിജയനും സംയുക്തമായി ഏപ്രിൽ ഒന്നിന് വൈക്കത്ത് ഉദ്ഘാടനം ചെയ്യും. 603 ദിവസം നീണ്ടു നിൽക്കുന്ന ശതാബ്ദി ആഘോഷങ്ങൾക്ക് 2023 ഏപ്രിൽ ഒന്നിന് വൈക്കത്ത് തിരി തെളിയും. 603 ദിവസം നീണ്ടുനിന്ന സത്യഗ്രഹത്തിന്റെ സ്മരണാർത്ഥമാണ് സംസ്ഥാനസർക്കാർ 2023 ഏപ്രിൽ ഒന്നു മുതൽ 2025 നവംബർ 23 വരെ നീളുന്ന 603 ദിവസത്തെ വ്യത്യസ്ത ആഘോഷ പരിപാടികൾക്ക് രൂപം നൽകിയിട്ടുള്ളത്.സാംസ്കാരികവകുപ്പ് മന്ത്രി സജി ചെറിയാൻ ചെന്നൈയിലെത്തി തമിഴ്നാട് മുഖ്യമന്ത്രി എം.കെ സ്റ്റാലിനെ ചടങ്ങിൽ പങ്കെടുക്കാൻ കേരളത്തിലേക്കു ക്ഷണിച്ചു. മുഖ്യമന്ത്രി പിണറായി വിജയൻ ഇതു സംബന്ധിച്ചു നൽകിയ കത്ത് സാംസ്കാരിക മന്ത്രി, തമിഴ്നാട് മുഖ്യമന്ത്രിക്കു കൈമാറി. ക്ഷണം സ്വീകരിക്കുന്നതായും കേരളത്തിൽ ഒരു ദിവസം ചിലവഴിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്നും കൂടിക്കാഴ്ചയിൽ എം കെ സ്റ്റാലിൻ അറിയിച്ചു. വൈക്കത്ത് തമിഴ്നാടിന്റെ ഉടമസ്ഥതയിലുള്ള വൈക്കം സത്യഗ്രഹത്തിൽ പങ്കെടുത്ത പെരിയാർ ഇ വി രാമസ്വാമി നായ്ക്കരുടെ സ്മാരക വിപുലീകരണം, കേരള തമിഴ്നാട് സാംസ്കാരികവിനിമയ പദ്ധതി തുടങ്ങിയവ സംബന്ധിച്ച നിവേദനങ്ങൾ സജി ചെറിയാൻ എം കെ സ്റ്റാലിന് നൽകി. രണ്ടു കാര്യങ്ങളിലും അനുഭാവപൂർണ്ണമായ സമീപനം അദ്ദേഹം ഉറപ്പു നൽകി. മുൻ കേന്ദ്രമന്ത്രിയും ഡി.എം.കെ നേതാവുമായ ടി.ആർ ബാലു എം.പിയും ചർച്ചകളിൽ പങ്കെടുത്തു. സാംസ്കാരിക വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി മനു സി പുളിക്കൻ, ചെന്നൈയിലെ നോർക്കയുടെ ഡവലപമെന്റ് ഓഫീസർ അനു പി ചാക്കോ എന്നിവരും സാംസ്കാരിക വകുപ്പ് മന്ത്രിക്കൊപ്പം ചർച്ചകളിൽ പങ്കെടുത്തു.

# ലീഗൽ അസിസ്റ്റന്റ് നിയമനത്തിന് അപേക്ഷ ക്ഷണിച്ചു

കൊച്ചി: പട്ടികജാതി വിഭാഗത്തിൽപ്പെട്ട നിയമ ബിരുദധാരികളായ യുവതീ യുവാക്കൾക്ക് പ്രായോഗിക പരിശീലനം നൽകി കരിയറിൽ മികവ് തെളിയിക്കുന്നതിനായി ലീഗൽ അസിസ്റ്റന്റുമാരുടെ താത്കാലിക നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. എറണാകുളം ജില്ല കോടതിഗവ. പ്ലീഡറുടെ ഓഫീസ് 1, കേരള ലീഗൽ സർവ്വീസ് അതോറിറ്റി 1, ഡിസ്ട്രിക്റ്റ് ലീഗൽ സർവ്വീസ് അതോറിറ്റി 1 എന്നിവിടങ്ങളിലായാണ് പരിശീലനത്തിന് നിയോഗിക്കുന്നത്. ഉദ്യോഗാർത്ഥികൾ എൽ.എൽ.ബി പഠനം കഴിഞ്ഞ് എൻറോൾമെന്റ് പൂർത്തിയാക്കിയ നിയമ ബിരുദധാരികളും, 21നും 35നും മദ്ധ്യേ പ്രായമുള്ളവരുമായിരിക്കണം. എൽ.എൽ.എം. യോഗ്യതയുള്ളവർക്കും പട്ടികജാതി വികസന വകുപ്പിന്റെ ത്രിവത്സര അഭിഭാഷക ധനസഹായ പദ്ധതി പൂർത്തിയാക്കിയവർക്കും വനിതകൾക്കും മുൻഗണന നൽകുന്നതാണ്.അഭിമുഖത്തിന്റെ അടിസ്ഥാനത്തിൽ പ്രതിമാസം 20,000 രൂപ ഹോണറേറിയം നിരക്കിൽ 2 വർഷത്തേയ്ക്കാണ് നിയമനം. നിശ്ചിത മാതൃകയിലുള്ള അപേക്ഷ, ജാതി, വിദ്യാഭ്യാസം, പ്രായം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പ്, എൻറോൾമെന്റ് സർട്ടിഫിക്കറ്റ് എന്നിവ സഹിതം ഏപ്രിൽ 20ന് വൈകിട്ട് 5ന് മുൻപായി എറണാകുളം ജില്ലാ പട്ടികജാതി വികസന ഓഫീസിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ : 04842422256

# വൈദ്യുത വാഹനങ്ങൾക്കായി ഹൈവേകളിൽ 19 ചാർജ്ജിംഗ് സ്റ്റേഷനുകളുമായി ബി.പി.സി.എൽ




കൊച്ചി: കേരളം, കർണാടകം, തമിഴ്നാട് എന്നിവിടങ്ങളിലെ 15 ഹൈവേകളിലായുള്ള 110 ഇന്ധന സ്റ്റേഷനുകളിൽ 19 വൈദ്യുത വാഹന ചാർജിങ് സ്റ്റേഷനുകൾ ആരംഭിക്കുന്നതായി ഭാരത് പെട്രോളിയം കോർപറേഷൻ ബിപിസിഎൽ.കേരളത്തിൽ 19 ഇന്ധന സ്റ്റേഷനുകളുമായി 3 കോറിഡോറുകളാണ് കമ്പനി തുറക്കുന്നത്. കർണാടകത്തിൽ 33 ഇന്ധന സ്റ്റേഷനുകളുമായി 6 കോറിഡോറുകളും തമിഴ്നാട്ടിൽ 58 ഇന്ധന സ്റ്റേഷനുകളുമായി 10 കോറിഡോറുകളും തുറക്കുന്നു.125 കിലോമീറ്റർ വരെ റേഞ്ചു കിട്ടുന്ന രീതിയിൽ വൈദ്യുത വാഹനം ചാർജു ചെയ്യാൻ വെറും 30 മിനിറ്റാണ് തങ്ങളുടെ ഇന്ധന സ്റ്റേഷനുകളിൽ എടുക്കുകയെന്നും അതിനാൽ തങ്ങൾ രണ്ടു ചാർജിങ് സ്റ്റേഷനുകൾക്കിടയിൽ 100 കിലോമീറ്റർ ദൂരമാണു നൽകിയിട്ടുള്ളതെന്നും ബിപിസിഎൽസൗത്ത് റീട്ടെയിൽ മേധാവി പുഷ്പ് കുമാർ നായർ വാർത്താ സമ്മേളനത്തിൽ പറഞ്ഞു.ആന്ധ്രാപ്രദേശിലെ തിരുപ്പതിയും കർണാടകത്തിലെ ബന്ധിപൂർ നാഷണൽ പാർക്കും രംഗനാഥസ്വാമി ക്ഷേത്രവും ജമ്പുകേശ്വർ ക്ഷേത്രവും പോലുള്ള തീർത്ഥാടന, വിനോദ സഞ്ചാര കേന്ദ്രങ്ങളെ ഇതു ബന്ധിപ്പിക്കും. കേരളത്തിലെ ഗുരുവായൂർ ക്ഷേത്രം, കാടാമ്പുഴ ക്ഷേത്രം, വല്ലാർപാടം ബസലിക്ക, കൊരട്ടി സെന്റ് ആന്റണീസ് ചർച്ച്, മർക്കസ് നോളേജ് സിറ്റി തുടങ്ങിയവയെ ബന്ധിപ്പിക്കുന്നു. തമിഴ്നാട്ടിലെ കന്യാകുമാരിയിൽ സൂര്യോദയം കാണാനും മധുരയിലെ മീനാക്ഷി ക്ഷേത്രം ദർശിക്കാനും അടക്കം നിരവധി സൗകര്യങ്ങളും ലഭിക്കും.ബിപിസിഎൽ ഇതുവരെ 21 ഹൈവേകൾ വൈദ്യുത കോറിഡോറുകളാക്കി മാറ്റിക്കഴിഞ്ഞു.മാർച്ച് 31ഓടെ 200 ഹൈവേകൾ അതിവേഗ വൈദ്യുത വാഹന ചാർജിങ് സൗകര്യമുള്ളവയാക്കി മാറ്റും. അതുവഴി രാജ്യത്തെ വൈദ്യുത വാഹനങ്ങളുടെ വളർച്ച ത്വരിതപ്പെടുത്തുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.എറണാകുളത്തു നടത്തിയ ചടങ്ങിൽ എക്സിക്യൂട്ടീവ് ഡയറക്ടർ (ഇൻ ചാർജ്) പി. എസ്. രവിഅതിവേഗ വൈദ്യുത ചാർജിങ് കോറിഡോറുകളുടെ ഉദ്ഘാടനം നിർവഹിച്ചു. റീട്ടെയിൽ സൗത്ത് മേധാവി പുഷ്പ് കുമാർ നായർ, കേരളാ മേധാവി (റീട്ടെയൽ) ഡി കന്നബിരൺ, ചീഫ് ജനറൽ മാനേജർ (റീട്ടെയിൽ ഇനീഷിയേറ്റീവ് & ബ്രാൻഡ്) സുബൻകർ സെൻ തുടങ്ങിയവർ സംബന്ധിച്ചു.ഫാസ്റ്റ് ചാർജറുകൾ ഉപയോഗിക്കാൻ വളരെ എളുപ്പമാണെന്ന് ബിപിസിഎൽ എക്സിക്യൂട്ടീവ് ഡയറക്ടർ ഇൻചാർജ് (റീട്ടെയിൽ) പി. എസ്. രവി പറഞ്ഞു. മറ്റുള്ളവരുടെ സഹായമില്ലാതെ തന്നെ ഇവ പ്രവർത്തിപ്പിക്കാമെങ്കിൽ തന്നെയും ഇവിടെ ആവശ്യമാണെങ്കിൽ പിന്തുണ നൽകാൻ ജീവനക്കാരുണ്ടാകും. വൈദ്യുത വാഹന ചാർജർ ലൊക്കേറ്റർ, ചാർജർ പ്രവർത്തനങ്ങൾ, ഇടപാടു പ്രക്രിയ തുടങ്ങിയവയെല്ലാം ഹലോബിപിസിഎൽ ആപ്പു വഴി ഡിജിറ്റലൈസ് ചെയ്തിട്ടുണ്ട്. ഇതിലൂടെ ബുദ്ധിമുട്ടില്ലാത്തതും സുതാര്യമായതുമായ ഉപഭോക്തൃ അനുഭവങ്ങൾ ലഭിക്കുമെന്നും അദ്ദേഹം പറഞ്ഞു.മക്ഡൊണാൾഡ്സ്, എ2ബി, ക്യൂബ് സ്റ്റോപ്പ്, കഫേ കോഫി ഡേ, മറ്റ് പ്രാദേശിക ഔട്ട്ലെറ്റുകൾ തുടങ്ങിയ പ്രമുഖ ബ്രാൻഡുകളുമായുള്ള സഖ്യത്തിലൂടെ ബിപിസിഎല്ലിൻറെ നിരവധി ഹൈവേ ഇന്ധന സ്റ്റേഷനുകളും ശുചിത്വ ഭക്ഷണം ലഭ്യമാക്കുന്നു. ഭാരത് പെട്രോളിയം അതിൻറെ ഉപഭോക്താക്കൾക്ക് കൂടുതൽ സൗകര്യത്തിനായി ഹൈവേകളിലെ പ്രധാന ഇന്ധന സ്റ്റേഷനുകളിൽ ഇൻ ആന്റ് ഔട്ട് കൺവീനിയൻസ് സ്റ്റോറുകളുടെ ശൃംഖലയും പുറത്തിറക്കിയിട്ടുണ്ട്.

# പോക്കറ്റിലിടാവുന്ന സ്വൈപ്പിങ് മെഷീൻ 'മൈക്രോ പേ' അവതരിപ്പിച്ച് ആക്സിസ് ബാങ്ക്




**കൊച്ചി :** കച്ചവടക്കാരുടെ സ്മാർട്ട് ഫോണിനെ പിഒഎസ് ടെർമിനലാക്കി മാറ്റുന്ന പിൻ ഓൺ മൊബൈൽ സംവിധാനമായ മൈക്രോ പേ അവതരിപ്പിച്ച് ആക്സിസ് ബാങ്ക്. റേസർപേ, മൈപിൻപാഡ് എന്നിവരെ സാങ്കേതികവിദ്യാ പങ്കാളികളാക്കിക്കൊണ്ടാണ് ഇതിനു തുടക്കം കുറിച്ചത്.ഈ സംവിധാനം രാജ്യത്തെ ചെറിയ പട്ടണങ്ങളിൽ കുറഞ്ഞ മുതൽമുടക്കുമായി പ്രവർത്തിക്കുന്ന ചെറിയ കച്ചവടക്കാർക്ക് ഏറെ ഗുണകരമായ ഒന്നാവുമെന്ന് ആക്സിസ് ബാങ്ക് കാർഡ്സ് ആന്റ് പെയ്മെൻറ് വിഭാഗം മേധാവിയും പ്രസിഡന്റുമായ സഞ്ജീവ് മോഘെ പറഞ്ഞു.പോക്കറ്റിലിടാവുന്നതും ചെലവു കുറഞ്ഞതുമായ കാർഡ് റീഡർ ഉപയോഗിച്ചാണിതു സാധ്യമാക്കുക. ഡെബിറ്റ്, ക്രെഡിറ്റ് കാർഡുകൾ ഇൻസർട്ട്, ടാപ് രീതികളിൽ ഇതിൽ ഉപയോഗിക്കാം. ഈ കാർഡ് റീഡർ കച്ചവടക്കാരുടെ സ്മാർട്ട് ഫോണുമായി ബ്ലൂടൂത്തിലൂടെ ബന്ധിപ്പിച്ച് ഉപഭോക്താക്കൾക്ക് കച്ചവടക്കാരുടെ ഫോണിൽ പിൻ രേഖപ്പെടുത്താനാവും. സുരക്ഷാ സംവിധാനങ്ങൾ പൂർണമായും ഉറപ്പാക്കിക്കൊണ്ടാവും പ്രവർത്തനം.സാധാരണ പിഒഎസ് മെഷ്യനുകളെ അപേക്ഷിച്ച് 30 ശതമാനം ചെലവു കുറക്കാനും മൈക്രോ പേ സഹായിക്കും.ചെലവു കുറഞ്ഞതും സുരക്ഷിതവുമായ മാർഗങ്ങൾ അവതരിപ്പിച്ച് ഡിജിറ്റൽ ഇടപാടുകൾ വർധിപ്പിക്കാനാണു തങ്ങൾ ശ്രമിക്കുന്നതെന്നും സഞ്ജീവ് മോഘെ പറഞ്ഞു. ഒതുങ്ങിയ രീതിയിലെ രൂപകൽപനയും കുറഞ്ഞ ചെലവും മൂലം മൈക്രോ പേ പിഒഎസ് സംവിധാനത്തെ ആകെ മാറ്റിമറിക്കുമെന്നാണു തങ്ങൾ പ്രതീക്ഷിക്കുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.ഇന്ത്യയിലെ റീട്ടെയിലർമാർക്കും ഉപഭോക്താക്കൾക്കും ഗുണകരമാകുന്ന രീതിയിൽ നവീനമായ ഡിജിറ്റൽ പണമിടപാടു സംവിധാനങ്ങൾ അവതരിപ്പിക്കാനാണു തങ്ങൾ എപ്പോഴും ശ്രമിക്കുന്നതെന്ന് ഇതേക്കുറിച്ചു പ്രതികരിക്കവെ റോസർപേയുടെ ഈസീടാപ് സിഇഒ ബയസ് നമ്പീശൻ പറഞ്ഞു. ബിസിനസുകാർത്ത് ഉപഭോക്തൃ അനുഭവങ്ങൾ മെച്ചപ്പെടുത്താൻ സഹായകമായതാണ് തങ്ങളുടെ സാങ്കേതികവിദ്യയെന്ന് മൈപിൻപാഡ് ചീഫ് റവന്യൂ ഓഫീസർ ഹർവെ അൽഫിയേരി പറഞ്ഞു.

# റെഡ് ഡാർക്ക് ശ്രേണിയുമായി ടാറ്റാ മോട്ടേഴ്സ്





**കൊച്ചി:** ടാറ്റ മോട്ടോഴ്സ് ആർ.ഡി.ഇ., ഇ20 എന്നിവയ്ക്ക് അനുസൃതമായ എഞ്ചിനുകളുള്ള ബിഎസ് 6 രണ്ടാം ഘട്ടം പാസഞ്ചർ വാഹനങ്ങൾ അവതരിപ്പിച്ചു. ടാറ്റ മോട്ടോഴ്സ് പെട്രോൾ, ഡീസൽ, സിഎൻജി എന്നിവയുടെ പവർട്രെയിൻ ഓപ്ഷനുകളിലുടനീളം പുതിയ ഫീച്ചറുകളോടെ തങ്ങളുടെ പോർട്ട്ഫോളിയോ പുതുക്കിയിട്ടുണ്ടെന്ന് ടാറ്റാ മോട്ടോഴ്സ് അധികൃതർ വ്യക്തമാക്കി.അത് മെച്ചപ്പെട്ട സുരക്ഷയും ഡ്രൈവിബിലിറ്റിയും സൗകര്യവും സൗകര്യവും നൽകുന്നു. ഈ പോർട്ട്ഫോളിയോ ഉപയോഗിച്ച്, കമ്പനി അതിന്റെ സ്റ്റാൻഡേർഡ് വാറന്റി 2 വർഷം / 75,000 കി.മീ മുതൽ 3 വർഷം / 1 ലക്ഷം കി.മീ വരെ വർദ്ധിപ്പിച്ചിരിക്കുന്നു, ഇത് തടസ്സരഹിതമായ ഉടമസ്ഥാവകാശ അനുഭവം വാഗ്ദാനം ചെയ്യുന്നു. നെക്സൺ, കമ്പനിയുടെ പ്രീമിയം എസ്.യു.വി. ആയ ഹാരിയർ, അതിന്റെ മുൻനിര എസ്.യു.വി. ആയ സഫാരി എന്നിവയുടെ കൂടുതൽ ഉയർന്ന റെൻഡേഷനായ റെഡ് ഡാർക്ക് എസ്.യു.വി.കളുടെ പുതിയ ശ്രേണിയും കമ്പനി പ്രഖ്യാപിച്ചു. സഫാരി, ഹാരിയർ, നെക്സോൺ എന്നിവയ്ക്ക് യഥാക്രമം 15.65 ലക്ഷം, 14.99 ലക്ഷം, 7.79 ലക്ഷം എന്നിങ്ങനെയാണ് വില ആരംഭിക്കുന്നത്.

# എയർടെൽ 5ജി പ്ലസ് സേവനങ്ങൾ 500 നഗരങ്ങളിൽ

കൊച്ചി: ഇന്ത്യയിലെ മുൻ നിര ടെലികോം സേവനദാതാക്കളായ ഭാരതി എയർടെൽ 235 നഗരങ്ങളിൽ കൂടി അൾട്രാ ഫാസ്റ്റ് 5ജി സേവനങ്ങൾ അവതരിപ്പിച്ചു. ഇതോടെ രാജ്യത്ത് എയർടെൽ 5ജി പ്ലസ് സേവനം ലഭിക്കുന്ന നഗരങ്ങളുടെ എണ്ണം 500 ആയി. എയർടെൽ നെറ്റ്വർക്ക് വ്യാപനം തുടരുന്നതിനാൽ കാശ്മീരിലെ വടക്കൻ നഗരം മുതൽ കന്യാകുമാരിയുടെ തെക്കെ അറ്റം വരെ എല്ലാ പ്രധാന നഗരങ്ങളിലും എയർടെൽ 5ജി പ്ലസ് ഇപ്പോൾ ലഭ്യമാണെന്ന് ഭാരതി എയർടെല്ലിന്റെ സിടിഒ രൺദീപ് സെഖോൺ പറഞ്ഞു.രാജ്യത്ത് 5ജി ഉപയോഗം സ്വീകാര്യമാകുന്നതിന്റെ വേഗതയിൽ തങ്ങൾക്ക് സന്തോഷമുണ്ട്. 2022 ഒക്ടോബറിൽ എയർടെൽ 5ജി സേവനങ്ങൾ അവതരിപ്പിച്ചു. ഇന്നത്തെ മെഗാ ലോഞ്ച് രാജ്യത്തെ എല്ലാ എയർടെൽ ഉപഭോക്താവിനേയും അൾട്രാ ഫാസ്റ്റ് എയർടെൽ 5ജി പ്ലസുമായി ബന്ധിപ്പിക്കുമെന്ന ഞങ്ങളുടെ വാഗ്ദാനമാണ്. ഇതിനകം ഞങ്ങൾ 500 നഗരങ്ങളിൽ ലഭ്യമാക്കി. ദിവസവും 30 മുതൽ 40 വരെ നഗരങ്ങളിലേക്ക് എയർടെൽ 5ജി പ്ലസ് ലഭ്യമാക്കുന്നു. ഈ വർഷം സെപ്തംബറിൽ രാജ്യത്തെ മുഴുവൻ നഗരങ്ങളേയും എയർടെലിന്റെ 5ജി ശൃംഖലയുമായി ബന്ധിപ്പിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നതായി രൺദീപ് സെഖോൺ പറഞ്ഞു.

# നാടകദിനത്തിൽ ബിനാലെയിൽ ഒരുങ്ങുന്നത് 'ഹിഗ്വിറ്റ'യുടെ ആദ്യ നാടകാവിഷ്കാരം




**കൊച്ചി:** എൻ എസ് മാധവന്റെ പ്രശസ്തമായ ചെറുകഥ ഹിഗ്വിറ്റയ്ക്ക് ബിനാലെ വേദിയിലൂടെ ഇതാദ്യമായി നാടകാവിഷ്കാരം ഒരുങ്ങുന്നു. മൂന്നു പതിറ്റാണ്ടുമുമ്പ് പ്രസിദ്ധീകൃതമായ ഹിഗ്വിറ്റയ്ക്ക് നാടകരൂപം നൽകുന്നത് പ്രമുഖ സംവിധായകൻ ശശിധരൻ നടുവിൽ. 2011ൽ ശശിധരൻ ആരംഭിച്ച റിമംബറൻസ് തിയേറ്റർ ഗ്രൂപ്പാണ് ലോക നാടക ദിനമായ ഈ മാസം 27നു വൈകിട്ട് 7.30നു ഫോർട്ട്കൊച്ചി കബ്രാൾയാർഡിൽ ഹിഗ്വിറ്റ നാടകം അവതരിപ്പിക്കുന്നത്. മലയാളത്തിലെ ഏറ്റവും പ്രമുഖ ചെറുകഥകളിൽ ഒന്നിന് സ്വതന്ത്ര നാടകാവിഷ്കാരമൊരുക്കാൻ കഴിയുന്നതിൽ ചാരിതാർഥ്യമുണ്ടെന്ന് ശശിധരൻ നടുവിൽ പറഞ്ഞു. സ്വന്തം കളത്തിൽ ഒതുങ്ങിക്കൂടാതെ അതിനു പുറത്തുകടന്ന് ചുറ്റും നടമാടുന്ന അനീതികളോട് പ്രതികരിക്കേണ്ടതിന്റെ അനിവാര്യതയിലേക്ക് വിരൽ ചൂണ്ടുന്നതാണ് നാടകം. കബ്രാൾയാർഡിലെ മൈതാനം മുഴുവനും നാടകവേദിയാകും. ഗോൾ പോസ്റ്റും വലയുമെല്ലാം രംഗത്തുണ്ടാകും. കഥാകൃത്ത് എൻ എസ് മാധവന്റെ സാന്നിധ്യത്തിലാകും ഹിഗ്വിറ്റയുടെ നാടകരൂപത്തിന്റെ അവതരണം. ടിക്കറ്റുകൾ https://in.bookmyshow.com/events/kochi-muziris-biennale-2022-23/ET00346370 എന്ന ലിങ്കിൽ ബുക്ക് മൈ ഷോ ആപ്പിലും ലഭിക്കും.ബിനാലെയിൽ ഇന്ന് വൈകുന്നേരം ആറിന് കബ്രാൾയാർഡ് പവിലിയനിൽ'വിദ്യാർത്ഥികളേ ഇതിലേ, ഇതിലേ' സിനിമ വിഷയമായി നടക്കുന്ന പാനൽ ചർച്ചയിൽ ചലച്ചിത്ര നിരൂപകരായ സി എസ് വെങ്കിടേശ്വരൻ, കൃഷ്ണേന്ദു കലേഷ്, കൃഷാന്ത് എന്നിവർ പങ്കെടുക്കും. ഏഴിന് കെ എം കമൽ സംവിധാനം ചെയ്ത സിനിമ 'ആലിഫ്' പ്രദർശിപ്പിക്കും. തുടർന്ന് 'ആദ്യ സിനിമകൾ ഡിജിറ്റൽ കാലത്ത്' പാനൽ ചർച്ചയിൽ കെ എം കമലും രതീഷ് രാധാകൃഷ്ണനും സംസാരിക്കും. നാളെ (മാർച്ച് 26) വൈകുന്നേരം ആറിനു അശോക് അഹൂജയുടെ സിനിമ 'ആധാരശില'യുടെ പ്രദർശനവും പാനൽ ചർച്ചയും നടക്കും.

# സിബിഡിടിയുമായി സൗത്ത് ഇന്ത്യൻ ബാങ്ക് കൈകോർക്കുന്നു

SOUTH INDIAN Bank
Experience Next Generation Banking

**കൊച്ചി/തൃശൂർ:** റീട്ടെയ്ൽ, കോർപറേറ്റ് നികുതിദാതാക്കളിൽ നിന്ന് പ്രത്യക്ഷ നികുതി സമാഹരിക്കുന്നതിന് സൗത്ത് ഇന്ത്യൻ ബാങ്കും കേന്ദ്ര പ്രത്യക്ഷ നികുതി ബോർഡും (സി.ബി.ഡി.ടി) പരസ്പര ധാരണയിലെത്തി. ഇതുപ്രകാരം എല്ലാ നികുതിദായകർക്കും 'ഓവർ ദ കൗണ്ടർ മോഡ്' പ്രകാരവും എസ്ഐബി ഉപഭോക്താക്കൾക്ക് ബാങ്കിൽ നേരിട്ടും ഇന്റർനെറ്റ് ബാങ്കിങ് സംവിധാനം മുഖേനയും പ്രത്യക്ഷ നികുതികൾ അടയ്ക്കാനുള്ള സൗകര്യം ഏർപ്പെടുത്തി. തടസങ്ങളില്ലാതെ അതിവേഗത്തിൽ പ്രത്യക്ഷ നികുതി അടയ്ക്കാനുള്ള സംവിധാനമാണിതെന്ന സൗത്ത് ഇന്ത്യൻ ബാങ്ക് ഇവിപിയും ഗ്രൂപ്പ് ബിസിനസ് ഹെഡുമായ തോമസ് ജോസഫ് കെ. പറഞ്ഞു.ഈ സഹകരണത്തോടെ, സി.ബി.ഡി.ടിയുടെ പ്രത്യക്ഷ നികുതി ശേഖരണ സംവിധാനമുള്ള രാജ്യത്തെ അപൂർവ്വം സ്വകാര്യ ബാങ്കുകളിലൊന്നാകും എസ്ഐബി. പുതിയ ടാക്സ് ഇൻഫർമേഷൻ നെറ്റ്വർക്കിനു (ടിൻ 2.0) കീഴിലുള്ള പ്രത്യക്ഷ നികുതികൾ സി.ബി.ഡി.ടിക്കു വേണ്ടി ഇതുവഴി എസ്ഐബിയുടെ 932 ശാഖകളിലും സ്വീകരിക്കും. ഇതിനു പുറമെ എസ്ഐബി ഉപഭോക്താക്കൽക്ക് ഞങ്ങളുടെ നൂതന നെറ്റ് ബാങ്കിങ് പ്ലാറ്റ്ഫോമായ സൈബർനെറ്റിലും ഈ സൗകര്യം ലഭ്യമാണ്. ഈ സഹകരണത്തിലൂടെ നികുതി അടവുകൾക്ക് ബദൽ മാർഗങ്ങളൊരുക്കുകയും ഉപഭോക്താക്കൾക്കു വേണ്ടി കൂടുതൽ സൗകര്യപ്രദവും ലളിതമാക്കുകയാണ് ലക്ഷ്യമെന്നും തോമസ് ജോസഫ് കെ. പറഞ്ഞു.

# വിദ്യാർത്ഥികൾക്ക് പ്രഥമ ശുശ്രൂഷാ പരിശീലനം നൽകി ഫെഡറൽ ബാങ്ക്



**കൊച്ചി:** സ്കൂൾ,കോളേജ് വിദ്യാർത്ഥികൾക്കായി ഫെഡറൽ ബാങ്ക് ഹോർമിസ് മെമോറിയൽ ഫൗണ്ടേഷൻ സംഘടിപ്പിച്ചു വരുന്ന പ്രഥമ ശുശ്രൂഷാ പരിശീലനത്തിന്റെ ഭാഗമായി ആലുവ യു.സി കോളെജിലെ വിദ്യാർത്ഥികൾക്ക് ബേസിക് ലൈഫ് സപോർട്ട്, സിപിആർ എന്നിവയിൽ പരിശീലന ക്ലാസ് സംഘടിപ്പിച്ചു. കോളെജിലെ എൻഎസ്എസ് അംഗങ്ങളായ 120 വിദ്യാർത്ഥികൾക്കാണ് അടിയന്തര സാഹചര്യങ്ങളിലെ അടിസ്ഥാന ജീവൻ രക്ഷാ പ്രവർത്തനങ്ങളിൽ പരിശീലനം നൽകിയത്. അമേരിക്കൻ ഹാർട്ട് അസോസിയേഷൻ സർട്ടിഫൈഡ് ട്രെയ്നറായ ബെസ്റ്റിൻ മാനുവൽ പരിശീലന ക്ലാസിന് നേതൃത്വം നൽകി. ഫെഡറൽ ബാങ്ക് അസോസിയേറ്റ് വൈസ് പ്രസിഡന്റും തോട്ടക്കാട്ടുകര ബ്രാഞ്ച് ഹെഡുമായ റോസ്മിൻ തോമസ് പരിശീലന പരിപാടി ഉദ്ഘാടനം ചെയ്തു. യുസി കോളെജ് പ്രിൻസിപ്പൽ ഡോ. എം ഐ പുന്നൂസ് അധ്യക്ഷത വഹിച്ചു. എൻ എസ് എസ് പ്രോഗ്രാം ഓഫീസർമാരായ ഡോ. അജലേഷ് ബി നായർ സ്വാഗതവും, ഡോ. ആശ ബേബി മാത്യൂസ് നന്ദിയും പറഞ്ഞു.ഹോർമിസ് മെമോറിയൽ ഫൗണ്ടേഷന്റെ നേതൃത്വത്തിൽ എറണാകുളം, തൃശൂർ ജില്ലകളിലായി 66 വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ എണ്ണായിരത്തോളം വിദ്യാർത്ഥികൾക്ക് ഇതിനകം പ്രഥമ ശുശ്രൂഷാ പരിശീലനം നൽകിയിട്ടുണ്ട്. കൊച്ചിയിലെ എസ്ബി ഗ്ലോബൽ എജുക്കേഷനൽ റിസോഴ്സിന്റെ സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-35122883501, Kerala.E-mail-societytodaynews@gmail.com